മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*451)

**വൈദ്യുതി ബോർഡിന് കിട്ടാനുള്ള കുടിശ്ശിക**

1(*451) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇത് ഫലപ്രദമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വരുമാനക്കുറവ് നികത്താൻ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിന് പകരം കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ ക്രിയാത്മകമായ മറ്റ് നടപടികളെടുക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി

കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി.എൽ. രണ്ടു വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിൽ വൈദ്യുതി കുടിശ്ശിക സംബന്ധിച്ച പരാതികൾ സ്വീകരിച്ച് അവ ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വൈദ്യുതി അദാലത്തുകൾ തുടങ്ങി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതികൾ ദീർഘകാല കുടിശ്ശിക പിരിച്ചെടുക്കുന്നതിനു ഫലപ്രദമായെന്നാണ് വിലയിരുത്തുന്നത്. വൈദ്യുതി ബോർഡിന് വർഷങ്ങളായി കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി നിലവിൽ കുടിശ്ശികയുള്ള

ഉപഭോക്താക്കൾക്ക് കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. കൂടാതെ വൈദ്യുതി അദാലത്തുകൾ മുഖേന തർക്കങ്ങളിൽപ്പെട്ടും മറ്റും അടവാക്കാത്ത കുടിശ്ശികകളിന്മേൽ ഉപഭോക്താക്കളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് തീരുമാനങ്ങളിൽ എത്തിച്ചേരുക വഴി കുടിശ്ശിക തുകകൾ പിരിച്ചെടുക്കുവാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടി വിവിധ ജൂഡീഷ്യൽ ഫോറങ്ങളിൽ വർഷങ്ങളായി തീർപ്പാക്കാതെ നിൽക്കുന്ന കുടിശ്ശികകളിന്മേൽ തീരുമാനമാക്കാനും ആയത് വഴി കുടിശ്ശിക പിരിച്ചെടുക്കാനും സാധിക്കുന്നുണ്ട്. ഈ നടപടികൾ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ഫലപ്രദമാണ്. വൈദ്യുതി ബോർഡിന് സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും വൈദ്യുതി ചാർജ്ജ്കുടിശ്ശിക ഇനത്തിൽ ലഭ്യമാകാനുള്ള തുകയിന്മേൽ വൈദ്യുതി ബോർഡ് സർക്കാർ തലത്തിൽ നടത്തിയിട്ടുള്ള ശ്രമഫലമായി താഴെപ്പറയും

പ്രകാരം തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 30.09.2018-വരെയുള്ള കേരള ജല അതോറിറ്റിയുടെ 1326.69 കോടി രൂപ വൈദ്യുതി കുടിശ്ശിക 331.67 കോടി രൂപ വീതമുള്ള നാല് വാർഷിക തവണകളായി 2019-20 മുതലുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുവാൻ ഉത്തരവായതനുസരിച്ച് 2 ഗഡു പൂർണ്ണമായും മൂന്നാം ഗഡു ഭാഗികമായും ഇന്നേവരെ ലഭ്യമായിട്ടുണ്ട്. 01.10.2018 മുതലുള്ള ജലഅതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക ഒടുക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക തനത് ഫണ്ടിൽനിന്നും പൊതു ആവശ്യ ഫണ്ടിൽനിന്നും തിരിച്ചു പിടിച്ച് 155.19 കോടി രൂപ ജല അതോറിറ്റിക്ക് കൈമാറിയിരുന്നു. ടി തുകയിൽ നിന്നും 140.64 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളുടെ 30.06.2018-വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് നൽകാനുള്ള 5.65 കോടി രൂപ സർക്കാർ ഉത്തരവുപ്രകാരം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായിട്ടുണ്ട്. പോലീസ്, ഇറിഗേഷൻ വകുപ്പുകളുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ചുള്ള

നടപടികൾ നടന്നുവരുന്നു. കുടിശ്ശികയുള്ള മുഴുവൻ സർക്കാർ സ്ഥാപനമേധാവികൾക്കും ഒറ്റത്തവണ തീർപ്പാക്കൽ സംബന്ധിയായ അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കുടിശ്ശിക പിരിച്ചെടുക്കലും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിങ്ങ് സമ്പ്രദായമാണ് (Accrual Account System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ച് വരുന്നത്. സർക്കാർ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുകയും ചെയ്യുന്ന അക്കൗണ്ടിങ്ങ് സമ്പ്രദായം ആയതിനാൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുന്നില്ല. വൈദ്യുതി നിയമം - 2003, ദേശീയ താരിഫ് നയം - 2016, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ-2018 എന്നിവയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ ചെലവുകൾ (Generation and Power purchase cost), പ്രവർത്തന

പരിപാലന ചെലവുകൾ (Operation and Maintenance Cost), പലിശ ചെലവുകൾ (Interest and Finance Charges), മൂലധന ഓഹരിയുടെ വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും, നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം എന്നിവ കൂടി പരിഗണിക്കാറുണ്ട്. മൊത്തം വരുമാനം കണക്കാക്കുമ്പോൾ വിൽപ്പന നടത്തുന്ന മുഴുവൻ വൈദ്യുതിയുടെ വിലയും കുടിശ്ശിക ഇല്ലാതെ പിരിച്ചെടുത്താൽ ലഭിക്കുന്ന തുകയുമാണ് പരിഗണിക്കുന്നത്. കോവിഡ് പ്രതിസന്ധിയായതിനാൽ കുടിശ്ശിക പിരിക്കുന്നതിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ആവശ്യ സേവനങ്ങൾ നൽകുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. പൂർണ്ണതോതിൽ വൈദ്യുതി ഉപയോഗിക്കുന്ന HT ഉപഭോക്താക്കൾ വൈദ്യുതി ബിൽ വീഴ്ച കൂടാതെ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് ഉപഭോക്താക്കളുടെ കുടിശ്ശിക തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുത്ത് മാത്രമേ KSEB-യ്ക്ക് മുന്നോട്ട് പോകുവാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ജനങ്ങളുടെമേൽ കൂടുതൽ ചാർജ്ജ് ചുമത്തുന്നതിനുപകരം കുടിശ്ശിക പിരിച്ചെടുത്തുകൊണ്ടും പ്രസരണനഷ്ടം ഒഴിവാക്കിക്കൊണ്ടും ഇത് മാനേജ് ചെയ്യാൻ കഴിയുമെന്നുള്ളതാണ് ബഹു. മന്ത്രിയുടെ മറുപടിയിൽ നിന്നുപോലും മനസ്സിലാകുന്നത്. സത്യത്തിൽ വൈദ്യുതി മേഖലയിൽ പ്രസരണനഷ്ടംമൂലം വലിയ നഷ്ടമുണ്ടാകുന്നുണ്ട്. ഞങ്ങളുടെ മേഖലയിൽ വോൾട്ടേജ് പ്രശ്നമുള്ള ഒരുപാട് പ്രദേശങ്ങളുണ്ട്. കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടിട്ടും പ്രശ്ന പരിഹാരമുണ്ടാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി എല്ലാ കാര്യങ്ങളും താൽപ്പര്യപൂർവ്വം ചെയ്യുന്നുണ്ടെന്ന് ഞങ്ങൾക്ക് അറിയാം. കഴിഞ്ഞ പ്രാവശ്യം മുൻമന്ത്രി ശ്രീ. എം. എം. മണി അദാലത്ത് നടത്തിയപ്പോൾ ഞങ്ങൾ കുറേ പരാതികൾ ഉന്നയിച്ചിരുന്നു. പക്ഷേ പരാതികൾക്കൊന്നും പരിഹാരമായിട്ടില്ല. വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയെക്കുറിച്ച് ചോദിക്കുമ്പോൾ ഫണ്ടില്ലെന്നാണ് പറയുന്നത്. കൂടാതെ എ.ബി.സി. കേബിൾപോലെയുള്ള മെറ്റീരിയൽസും അവിടെയില്ല. തിരുവനന്തപുരത്തുനിന്നും വിതരണം ചെയ്ത് വരുമ്പോൾ ഞങ്ങളുടെ മേഖലയിൽ എത്തുമ്പോൾ തീർന്നുപോകുന്നതാണോയെന്നും അറിയില്ല.

ബഹുമാനപ്പെട്ട മന്ത്രിയുടെ ജില്ലയിൽപോലും ഈ പ്രശ്നങ്ങളുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. പ്രസരണനഷ്ടം ഒഴിവാക്കാൻവേണ്ടി എ.ബി.സി. കേബിൾ അടക്കമുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഏതുരീതിയിലാണ് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പ്രസരണനഷ്ടം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. പ്രസരണനഷ്ടം 14 യൂണിറ്റ് ഉണ്ടായിരുന്നത് ഇപ്പോൾ 12-ൽ താഴെയായിരിക്കുകയാണ്. അതാണ് പ്രസരണനഷ്ടത്തിന്റെ സ്ഥിതി. ഇനിയും അത് കുറച്ചുകൊണ്ടുവരാനുള്ള ശ്രമം നടത്തും. രണ്ടാമത്തെ ചോദ്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കുറേക്കാര്യങ്ങൾ നമുക്ക് മുഴുവനായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. കിഫ്ബി, ദ്യുതി എന്നിവയിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് ആ പ്രശ്നം പരിഹരിക്കാനുള്ള ശ്രമവും നടക്കുന്നുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, എന്റെ മണ്ഡലത്തിൽ തന്നെയുള്ള കൊണ്ടോട്ടി സെക്ഷനിൽ ഒരു ലക്ഷത്തിലധികം ഉപഭോക്താക്കളാണുള്ളത്. കൊണ്ടോട്ടി സെക്ഷൻ ഓഫീസ് ബൈഫർക്കേറ്റ് ചെയ്യണമെന്ന ആവശ്യമുണ്ട്. അതോടൊപ്പം, കാലിക്കറ്റ് എയർപോർട്ടിന്റെ ഒരു ഏരിയ

എന്നുള്ള നിലയ്ക്ക് അവിടെ സബ് സ്റ്റേഷൻ അത്യാവശ്യമാണ്. കിഴിശ്ശേരി-കൊളത്തൂർ, കൊളത്തൂർ-ചേളാരി വരെയുള്ള ലൈൻ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആ ലൈൻ ഉപയോഗിച്ച് സബ്സ്റ്റേഷൻ ആരംഭിച്ചു കഴിഞ്ഞാൽ എയർപോർട്ട് ഭാഗത്തേയ്ക്കുള്ള വൈദ്യുതി വിതരണം സുഗമമാക്കാൻ കഴിയും. ഇങ്ങനെ ഉപയോഗിക്കാതെ കിടക്കുന്ന ഭാഗങ്ങൾക്കൂടി ഉപയോഗിച്ചുകൊണ്ടും ബൈഫർക്കേഷൻ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനും നടപടിയുണ്ടാകുമോ; എന്റെ മണ്ഡലത്തിൽ തന്നെ മുണ്ടക്കുളം, ആനമയിൽതടം, കൊട്ടുക്കര ചെറാട്, നെടിയിരുപ്പ് മേലേപ്പറമ്പ് എന്നു പറയുന്ന പ്രദേശത്തെല്ലാം വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ പ്രശ്നങ്ങൾ ഉണ്ട്. ഇതെല്ലാം ഇതുവഴി പരിഹരിക്കാൻ കഴിയുമോ? ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്ത് നടപടിയാണെടുക്കുന്നത് എന്നാണ് എന്റെ ചോദ്യം?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഈ പ്രശ്നങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. ഒരു കത്ത് നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ അത് പരിശോധിച്ച് സാധ്യമായ കാര്യങ്ങൾ ചെയ്യാം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ജനങ്ങളേക്കാളുപരി കെ.എസ്.ഇ.ബി.എൽ.-ന് കുടിശ്ശിക നൽകാനുള്ളത് ഡിപ്പാർട്ട്മെന്റുകളാണ്. ജലവിഭവ വകുപ്പാണ് ഏറ്റവും കൂടുതൽ തുക കൊടുക്കാനുള്ളത്. 250 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്കാണ് സബ്സിഡി അധികമുള്ളത്. അതിന്റെ പരിധി 400 യൂണിറ്റ് വരെയെങ്കിലും ആക്കിയാൽ ഈ കോവിഡ് കാലത്ത് ജനങ്ങൾക്ക് ആശ്വാസമാകും. ബില്ലിംഗ് ഇപ്പോൾ രണ്ടുമാസം കൂടുമ്പോഴാണ്. അത് സാമൂഹ്യമാധ്യമങ്ങളിൽ വലിയ ചർച്ചയാണ്. മറ്റു സംസ്ഥാനങ്ങളിലെപ്പോലെ ഒരു മാസത്തിൽ ബിൽ നൽകിയാൽ ജനങ്ങൾക്ക് വലിയ ആശ്വാസമാകും. ഒരാൾ രണ്ടുമാസം കൂടുമ്പോൾ വൈദ്യുതി ഉപയോഗിക്കുന്നത് 600 യൂണിറ്റാണെങ്കിൽ ആ 600 യൂണിറ്റിന് ആദ്യത്തെ ഫസ്റ്റ് യൂണിറ്റ് മുതൽ താരിഫ് കൂടുതലാണ്. 1300, 1400 രൂപയ്ക്ക് മുകളിൽവരും അവരുടെ ഇലക്ട്രിസിറ്റി ബിൽ. അത് ഒരുമാസം ആക്കി ചുരുക്കിയാൽ അയാൾ ഉപയോഗിക്കുന്നത് 300 യൂണിറ്റാണ്, ആദ്യത്തെ യൂണിറ്റ് മുതൽ കുറഞ്ഞ റേറ്റ് ആണ്. ഇത് രണ്ടും തമ്മിലുള്ള വ്യത്യാസം തന്നെ 700 രൂപയോളം വരുന്നു. ഇതുസംബന്ധിച്ച് സോഷ്യൽ മീഡിയയിൽ വലിയ ചർച്ച നടക്കുന്നുണ്ട്. ജനങ്ങളുടെ വലിയൊരു

ആവശ്യമാണ്. അതുകൊണ്ട് താരിഫ് പരിധി 250 എന്നത് 400 ആക്കാനും അതുപോലെ രണ്ടുമാസം കൂടുമ്പോൾ കൊടുക്കുന്ന ബിൽ ഒരു മാസത്തിൽ കൊടുക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, താരിഫ് monthly ആണ് കണക്കാക്കുന്നത്. മറ്റു ചെലവുകൾ കണക്കാക്കുമ്പോൾ രണ്ടു മാസത്തിലൊരിക്കൽ ബിൽ നൽകുന്നതാണ് നല്ലത്. സ്മാർട്ട് മീറ്റർ വരുമ്പോൾ ഈ പ്രശ്നം അവസാനിക്കുകയും ചെയ്യും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് സാധാരണ ജനങ്ങൾ ബില്ലടയ്ക്കാൻ വൈകുന്നതുകൊണ്ടുതന്നെ സർചാർജ്ജ് ഏർപ്പെടുത്തുന്നുണ്ട്. അത് വലിയ പ്രയാസമാണ് ജനങ്ങൾക്ക് ഉണ്ടാക്കുന്നത്. ഈ കോവിഡ്കാലത്ത് ആരാധനാലയങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഫിക്സഡ് ചാർജ്ജിൽ 25 ശതമാനം കുറവ് വരുത്തുമെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതനുസരിച്ച് വ്യവസായ സ്ഥാപനങ്ങൾക്ക് കുറവ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ കടകൾക്കും ആരാധനാലയങ്ങൾക്കും സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളടക്കമുള്ള സ്ഥാപനങ്ങൾക്കും

നിർമ്മാണപ്രവർത്തനങ്ങൾക്കും 25 ശതമാനം കുറച്ച് കൊടുക്കുവാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കോവിഡിന്റെ ഒന്നാം തരംഗത്തോടനുബന്ധിച്ച് ഡിസംബർ മാസം വരെ തിരിച്ചടവിന് സാവകാശം നൽകിയതുമൂലം കമ്പനിയുടെ കടബാദ്ധ്യത ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കോവിഡ് കാലത്ത് വൈദ്യുതിയുടെ ഫിക്സഡ് ചാർജ്ജിന്മേൽ ഇളവ് നൽകിയിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര വൈദ്യുതി ഉല്പാദന നിലയങ്ങളിൽനിന്നും പവർ ഗ്രിഡ് കോർപ്പറേഷനിൽനിന്നും കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം 54.89 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-ന് റിബേറ്റായി ലഭിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോഗത്തിലുണ്ടായ അധിക വൈദ്യുതി ഉപയോഗത്തിന് ഇളവുകൾ നൽകിയിരുന്നു. ഈ ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 151.19 കോടി രൂപയുടെ ഇളവുകൾ നൽകിയിട്ടുണ്ട്. കൂടാതെ പലിശയിളവ് നൽകിയ ഇനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. മേൽപ്പറഞ്ഞ ഇളവുകൾക്ക് റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചില്ലെങ്കിൽ ഇലക്ട്രിസിറ്റി ആക്ടിന്റെ

സെക്ഷൻ 65 പ്രകാരം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. കോവിഡ് കാലത്തെ ഓൺലൈൻ പേമെന്റ് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റിബേറ്റ് നൽകിയ വകയിൽ 8.69 കോടി രൂപ ചെലവായിട്ടുണ്ട്. സർക്കാർ നിർദ്ദേശമനുസരിച്ച് സിനിമാ തിയേറ്ററുകളുടെയും വാണിജ്യ വ്യവസായ ഉപഭോക്താക്കളുടെയും മേയ് മാസത്തെ ഫിക്സഡ് ചാർജ്ജിൽ ഇളവുകൾ കോവിഡ് രണ്ടാം തരംഗസമയത്തും നൽകിയിട്ടുണ്ട്. എന്നാൽ ഒന്നാം തരംഗസമയത്ത് കമ്പനി വാങ്ങുന്ന വൈദ്യുതിക്ക് കേന്ദ്രസർക്കാർ നൽകിയ ഫിക്സഡ് ചാർജ്ജിന്മേലുള്ള ഇളവ് ഈ വർഷം ലഭ്യമാക്കിയിട്ടില്ലെന്നത് കണക്കിലെടുക്കേണ്ടതുണ്ട്. ചെറുകിട വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് (MSME) ജൂലൈ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജ് നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നതാണ്. കൂടാതെ അടഞ്ഞുകിടക്കുന്ന കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ, അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ, അഗ്രിക്കൾച്ചർ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ എന്നിവയ്ക്ക് മൂന്നുമാസത്തെ വൈദ്യുതി ഫിക്സഡ് ഡിമാന്റ്

ചാർജ്ജിൽ ഇളവനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കടകളിൽ വൈദ്യുതി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ഇളവുകൾ അനുവദിക്കില്ല. ഉപയോഗിക്കാതെയുള്ളവയ്ക്ക് ഫിക്സഡ് ചാർജ്ജിന്റെ കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വൈദ്യുത സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമോയെന്നും അത് എന്ന് സാധ്യമാകുമെന്നും നമുക്കറിയില്ല. കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, എറണാകുളം, ഇടുക്കി ജില്ലകളിലായി പത്ത് ജലവൈദ്യുത പദ്ധതികളുടെ പ്രവൃത്തി നടന്നുവരികയാണ്. അതിൽ ഒൻപതെണ്ണം ഈ വർഷം പൂർത്തിയാകേണ്ടതും ആറെണ്ണം ഈ മാസത്തിനകം പൂർത്തിയാകേണ്ടതുമാണ്. അതിൽനിന്നും എത്ര വൈദ്യുതി ലഭിക്കും; അതുവഴി കാർഷികമേഖലയിൽ നൽകിയിരുന്ന സൗജന്യ വൈദ്യുതി പുനഃസ്ഥാപിക്കാൻ കഴിയുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, കാർഷികമേഖലയിൽ നൽകിയിരുന്ന സൗജന്യം നിലവിലും തുടർന്നുകൊണ്ടിരിക്കുകയാണ്. ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള സമയം നിശ്ചയിച്ച് അതിനനുസരിച്ചുള്ള പരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഓരോ മാസവും അതിന്റെ

റിവ്യൂ നടത്തുന്നുണ്ട്. സമയത്തിനുമുമ്പുതന്നെ പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തുന്നുണ്ട്. കേരളത്തിലെ ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതി ഹൈഡൽ പ്രോജക്റ്റുകൾ വഴിയായതുകൊണ്ട് മുൻഗണനകൊടുത്ത് നടപടി സ്വീകരിച്ചുവരുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, കാസർഗോഡ് ജില്ലയിൽ മടിക്കൈ പൈവളിഗെ പഞ്ചായത്തുകളിൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് സോളാർ പാനൽ ഉപയോഗിച്ച് 100 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. അതിന്റെ പ്രയോജനം കാസർഗോഡ് ജില്ലയിൽ ലഭിക്കണമെങ്കിൽ കുറ്റിക്കോൽ 110 കെ.വി. സബ്സ്റ്റേഷന്റെ പണി പൂർത്തിയാകണം. സ്ഥലമേറ്റെടുക്കലും തറക്കല്ലിടലും കഴിഞ്ഞു. പക്ഷേ ഇതുവരെയും അതിന്റെ പ്രവൃത്തി തുടങ്ങിയിട്ടില്ല. 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ആരംഭിച്ച് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പക്ഷേ കാസർഗോഡ് ജില്ലയിൽ മറ്റൊരു സോളാർ പ്ലാന്റിന്റെ സ്ഥലവുമായി ബന്ധപ്പെട്ട തർക്കമുള്ളതുകൊണ്ടാണ് രണ്ടാമത്തെ പ്രോജക്റ്റിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ബഹുമാനപ്പെട്ട

എം.എൽ.എ.-മാരെല്ലാവരുംകൂടി സഹകരിച്ചാൽ ആ സോളാർ പ്ലാന്റിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. ഈ സബ്സ്റ്റേഷന്റെ പ്രവൃത്തി പൂർത്തീകരിച്ചാൽ മലബാർ മേഖലയിലെ വൈദ്യുതിക്ഷാമത്തിന് പരിഹാരമുണ്ടാകും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പട്ടികവർഗ്ഗ കോളനികളിൽ ബിൽ കുടിശ്ശിക വരുന്നത് സാധാരണയാണ്. അവിടെ വൈദ്യുതി സപ്ലൈ വിച്ഛേദിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. അവിടത്തെ ജനപ്രതിനിധികൾ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയമാണിത്. ചില ആനുകൂല്യങ്ങൾ പട്ടികവർഗ്ഗ കോളനികൾക്ക് നൽകുന്നുണ്ട്. ഇന്നത്തെ പ്രതിസന്ധിഘട്ടത്തിൽ പട്ടികവർഗ്ഗ വകുപ്പുമായി ആലോചിച്ച് പൂർണ്ണമായി ബിൽ ഇളവുനൽകി ഈ കോളനി നിവാസികളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. അതിനൊരു ധാരണയിലെത്താനുള്ള ശ്രമത്തിലാണ്. തീർച്ചയായും ഈ വിഷയം പരിഹരിക്കാം. ഇതുമായി ബന്ധപ്പെട്ട് അവർക്ക് ഏതെല്ലാം വിധത്തിൽ

ആനുകൂല്യം നൽകാൻ സാധിക്കുമോ അതെല്ലാം ചെയ്തുകൊടുക്കാം. ഡിജിറ്റൽ പഠനത്തിനുവേണ്ട ക്ലാസ് മുറികളിൽ സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാനമെടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ഞാനും ചേർന്ന് ഇക്കാര്യം ഗൗരവമായി ചർച്ച ചെയ്ത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, എന്റെ മണ്ഡലത്തിലെ മലയോര മേഖലയിലുള്ള വെള്ളറട, ആര്യങ്കോട്, ഒറ്റശേഖരമംഗലം പഞ്ചായത്തുകളിലായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഒരു സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ഇരുപത്തി അയ്യായിരത്തോളം ഉപഭോക്താക്കളുള്ള വിശാലമായ ഒരു മേഖലയാണിത്. ഇതിനെ bifurcate ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ഒരു കത്ത് നൽകിയിരുന്നു. അതോടൊപ്പം അവിടെ കവേഡ് ലൈൻ അല്ല, പ്ലെയിൻ ലൈനാണുള്ളത്. അതുകൊണ്ട് അപകട സാധ്യതയുണ്ട്. വിദ്യാഭ്യാസമേഖലയിൽ ഡിജിറ്റൽ സൗകര്യമൊരുക്കുന്ന ഇന്നത്തെ സാഹചര്യത്തിലും സ്ഥിരമായി മരം മുറിഞ്ഞ് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന, അപകടമുണ്ടാകാനുള്ള

അവസ്ഥ നിലനിൽക്കുന്നു. അവിടെ കവേർഡ് ലൈൻ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അതിനുള്ള നടപടി ഘട്ടംഘട്ടമായി തുടരുന്നുണ്ട്. സബ്സ്റ്റേഷന്റെ കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ആയിരം രൂപയ്ക്ക് മുകളിൽ പണമടയ്ക്കേണ്ട ഉപഭോക്താക്കൾ നിർബന്ധമായും ഓൺലൈനായി പണമടയ്ക്കണമെന്ന ഉത്തരവ് കെ.എസ്.ഇ.ബി.എൽ. ഇറക്കിയിട്ടുണ്ട്. കേന്ദ്രനിർദ്ദേശ പ്രകാരമാണെന്നാണ് പറയുന്നത്. സ്മാർട്ട് ഫോണും മൊബൈലുമില്ലാത്ത സാധാരണക്കാർക്ക് ഇത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഈ തീരുമാനം പുനഃപരിശോധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുമായി ബന്ധപ്പെട്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കണമെന്ന് പരിശോധിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിക്കാം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇലക്ട്രിസിറ്റി ബില്ലിന്റെ കാഷ് കളക്ഷൻ മുമ്പ് 8 മണി മുതൽ 5 മണിവരെയായിരുന്നു. ഇപ്പോഴത് 9 മണി

മുതൽ 3 മണിവരെയാക്കി. ഓൺലൈൻ സംവിധാനത്തെക്കുറിച്ച് അറിയാത്തതും ഉപയോഗിക്കാത്തതുമായ സാധാരണക്കാർക്ക് ജോലിക്ക് പോകുന്നതിനുമുമ്പോ ജോലി കഴിഞ്ഞതിനുശേഷമോ, അവരുടെ ബിൽ തുക കളക്ട് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. 5 മണിക്ക് തുക അടയ്ക്കാൻ വരുന്നവരെ തിരിച്ചയയ്ക്കുകയാണ്. അവരുടെ കയ്യിൽനിന്നും പണം ചെലവായി പോകുന്നതിനാൽ പിന്നീട് ആ തുക അടയ്ക്കാൻ കഴിയുന്നില്ല. ഈ വിഷയം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം PSC വിഭാഗത്തിൽപ്പെട്ട ഇലക്ട്രിക് പോസ്റ്റുകൾ വളരെ അപകടകരമായ അവസ്ഥയാണ്. അത് സ്ഥാപിക്കുമ്പോൾതന്നെ ഒടിഞ്ഞുവീഴുന്ന സംഭവങ്ങൾ എന്റെ മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ട്. അക്കാര്യം പരിശോധിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ബിൽ തുക സ്വീകരിക്കുമ്പോൾ താൽക്കാലികമായ റെസീപ്റ്റ് നൽകുകയും അടുത്ത ദിവസം ഒർജിനൽ രസീത് നൽകുന്ന സംവിധാനമുണ്ടാക്കാൻ സാധിക്കുമോയെന്നത് ആലോചിക്കാം. പോസ്റ്റിന്റെ കാര്യം പറഞ്ഞു, 140 Kg ആയിരുന്നത് ഇപ്പോൾ 200 kg ആക്കിയിട്ടുണ്ട്. ഇപ്പോൾ വളരെ ശക്തിയുള്ള പോസ്റ്റിനാണ് ഓർഡർ നൽകിയിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേന്ദ്ര ഇലക്ട്രിസിറ്റി നിയമം വരുമ്പോൾ വളരെ കാലങ്ങൾ കൊണ്ട് എസ്റ്റാബ്ലിഷ് ചെയ്ത ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിലൂടെ അവരുടെ വൈദ്യുതി വില കുറച്ച് വിൽക്കാൻ സാധിക്കും. സർക്കാരിന് വീലിംഗ് ചാർജ്ജ് എന്ന രീതിയിൽ ചെറിയൊരു തുക ലഭിക്കുമെന്നാണ് മനസ്സിലാക്കുന്നത്. പ്രൈവറ്റ് മേഖല ഉപയോഗിക്കുന്നതോ ഉപയോഗപ്പെടുത്തുന്നതോ അതുവഴി വിൽക്കുന്നതോ തെറ്റല്ല. പക്ഷേ കേരളം എസ്റ്റാബ്ലിഷ് ചെയ്തിട്ടുള്ള ഒരു ഡിസ്ട്രിബ്യൂഷൻ സിസ്റ്റം യു.ജി. കേബിളടക്കമുള്ള സൗകര്യങ്ങൾ കൊടുത്തിട്ടും കേരളത്തിന് കൂടുതൽ വീലിംഗ് ചാർജ്ജ് ലഭിക്കുന്നതിന് എന്തെങ്കിലും പരിശ്രമം കേന്ദ്ര റെഗുലേറ്ററിയുമായി ബന്ധപ്പെട്ട് കേരളം സ്വീകരിച്ചിട്ടുണ്ടോ; ഈ നിയമം നടപ്പാക്കിയാൽ കെ.എസ്.ഇ.ബി.എൽ.-ന് ഗുണമാണോ ദോഷമാണോ ഉണ്ടാകാൻ പോകുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേന്ദ്ര ഇലക്ട്രിസിറ്റി നിയമം വന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും. ഡിസ്ട്രിബ്യൂഷൻ സൈഡിൽ ബുക്ക് വാല്യൂവിൽതന്നെ 12,000 കോടി രൂപ ഇറക്കിയിട്ടുണ്ട്. ശരിക്കുള്ള വില ഒരു ലക്ഷം കോടി രൂപയിൽ അധികമാകും.

അത് മുഴവൻ പ്രൈവറ്റുകാർക്ക് ഉപയോഗിക്കാവുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ഉപഭോക്താവിന് കുറഞ്ഞവിലയ്ക്ക് എവിടെനിന്നും വൈദ്യുതി കിട്ടുന്നോ അവിടെനിന്നും വാങ്ങി ഉപയോഗിക്കാനുള്ള സ്ഥിതിവരികയാണ്. നമ്മുടെ ഉല്പാദനചെലവ് ഏകദേശം നാലര-അഞ്ച് രൂപയാണ് വരുന്നത്. 2.30 രൂപയ്ക്ക് നൽകാൻ കഴിയുമെന്നാണ് ഇന്ന് വാർത്തയിൽ കണ്ടത്. അവരത് ഉപയോഗിക്കുമ്പോൾ നമ്മുടെ നിലനിൽപ്പിനെ വല്ലാതെ അപകടത്തിലാക്കും. അതുകൊണ്ടാണ് കേന്ദ്ര നിയമത്തെ എതിർക്കുന്നത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, വൈദ്യുതി വകുപ്പിന്റെ പ്രവർത്തനം ശ്ലാഘനീയമായി നടക്കുന്ന കാലഘട്ടമാണിപ്പോൾ. പ്രത്യേകിച്ചും പ്രളയകാലത്തടക്കം ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാരുടെ പ്രവർത്തനം ഏറെ പ്രശംസനീയമാണ്. വിവിധമേഖലകളിൽ സൗജന്യമായി വൈദ്യുതി നൽകുന്ന ജനവിഭാഗങ്ങളുണ്ട്. എത്ര യൂണിറ്റാണ് ഇപ്പോൾ സൗജന്യമായി നൽകുന്നത്. ഗാർഹിക കണക്ഷന് അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനുള്ളിൽ കണക്ഷൻ നൽകാൻ സാധിക്കും?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, നേരത്തെ 20 യൂണിറ്റായിരുന്നത് ഇപ്പോൾ 30 യൂണിറ്റാക്കി വരെയാക്കി സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

ഗാർഹിക കണക്ഷന് സമയബന്ധിതമായി ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ച് വളരെ പെട്ടെന്നുതന്നെ ലഭിക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, വൈദ്യുതിയുടെ ദുരുപയോഗം തടയേണ്ടതൊരു ആവശ്യമായി വന്നിരിക്കുകയാണ്. ഓഫീസിലും പൊതുയിടങ്ങളിലും വൈദ്യുതി വിളക്കുകൾ അണയ്ക്കേണ്ട സമയത്തും അണയ്ക്കാതിരിക്കുന്നതിലൂടെയും എ.സി. ഓഫാക്കാതിരിക്കുന്നതിലൂടെയും വൈദ്യുതിബോർഡിന് ധാരാളം വൈദ്യുതി പ്രസരണരംഗത്ത് നഷ്ടമാകുന്നുണ്ട്. ഇതോടൊപ്പം വൈദ്യുതി മോഷണവും നടക്കുന്നുണ്ട്. ഇവ രണ്ടും നിയന്ത്രിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇപ്പോൾ പഴയതുപോലെയല്ല, ജീവനക്കാരെല്ലാം ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതി പ്രസരണരംഗത്ത് നഷ്ടം വരാനുള്ള സാധ്യത പഴയതിനേക്കാൾ വളരെ കുറവാണ്. വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട് ഐ.ജി.-യുടെ നേതൃത്വത്തിൽ ഒരു സ്ക്വാഡ് രൂപീകരിക്കാൻ ആഭ്യന്തര വകുപ്പിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. മോഷണ ശ്രമം വളരെ സജീവമായി തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## വിദ്യാശ്രീ പദ്ധതി

2(*452) ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് വിദ്യാശ്രീ പദ്ധതി മുഖേന നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പ് പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾ അടച്ച തുക ആവശ്യപ്പെടുന്ന പക്ഷം തിരിച്ച് നൽകാൻ കെ. എസ്. എഫ്. ഇ. തയ്യാറാകുമോ;

(ബി) ലാപ്ടോപ്പ് പ്രവർത്തനരഹിതമായിട്ടും തവണ മുടക്കിയാൽ പിഴപ്പലിശ ഈടാക്കുമെന്ന അറിയിപ്പ് വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരവധി തവണ മാറ്റി നൽകിയ ലാപ്ടോപ്പുകൾ പോലും പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠനം

മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി പ്രകാരം കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിതരണം ചെയ്ത കൊക്കോണിക്സ് കമ്പനിയുടെ ലാപ്ടോപ്പുകൾ തകരാറായതായി വ്യാപക പരാതികൾ വന്ന സാഹചര്യത്തിൽ കൊക്കോണിക്സ് കമ്പനി തന്നെ തകരാറായ ലാപ്ടോപ്പുകൾ തിരിച്ചെടുത്തുകൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. അതുപ്രകാരം തകരാർ വന്ന കൊക്കോണിക്സ് ലാപ്ടോപ്പുകൾ തിരികെ ശാഖകളിൽ തിരിച്ചേൽപ്പിക്കാനുള്ള നിർദ്ദേശം കെ.എസ്.എഫ്.ഇ. നൽകിയിട്ടുണ്ട്.

'വിദ്യാലക്ഷ്മി' എന്നാണ് പദ്ധതിയുടെ പേരായി ചോദ്യത്തിൽ വന്നിരുന്നത്. 'വിദ്യാലക്ഷ്മി' എന്നൊരു പദ്ധതി നമുക്കില്ല. 'വിദ്യാശ്രീ'-യെ ഉദ്ദേശിച്ചാണ് എന്നുള്ളതുകൊണ്ടാണ് മറുപടി പറയുന്നത്. 'വിദ്യാലക്ഷ്മി' എന്നത് കേന്ദ്ര സർക്കാരിന്റെ ഒരു പോർട്ടലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ലാപ്ടോപ്പുകൾ വിതരണം ചെയ്യാൻ കാലതാമസം വരുത്തിയ എച്ച്.പി., ലെനോവോ എന്നീ കമ്പനികൾക്കെതിരായി ഉചിതമായ നിയമനടപടികൾ സ്വീകരിക്കുവാൻ കെ.എസ്.എഫ്.ഇ. എം.ഡി.-യെ ചുമതലപ്പെടുത്തി 10.08.2021-ലെ ജി.ഒ.(എം.എസ്.)44/2021/നി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാകുന്ന സാഹചര്യത്തിലും കമ്പനികൾ ലാപ്ടോപ്പുകൾ സപ്ലൈ ചെയ്യുവാൻ വൈകുന്ന സാഹചര്യത്തിലും പ്രസ്തുത ഉത്തരവുപ്രകാരം വിദ്യാശ്രീ പദ്ധതിയിൽ പുനഃക്രമീകരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 15,000/- രൂപയുടെ 500/- രൂപ 30 മാസതവണകളായി അടയ്ക്കേണ്ട ചിട്ടി 20,000/- രൂപയുടെ 500/- രൂപ 40 മാസതവണകളായി അടച്ചുതീർക്കുന്ന ചിട്ടിയായി പുനഃക്രമീകരണം ചെയ്യുന്നതിനും കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം ഗുണഭോക്താക്കൾക്ക് പൊതുവിപണിയിൽനിന്നും ഇഷ്ടമുള്ള ലാപ്ടോപ്പ്/ടാബ്ലെറ്റ് വാങ്ങി ആയതിന്റെ ഇൻവോയിസ്/ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ലാപ്ടോപ്പിന്റെ/ ടാബ്ലെറ്റിന്റെ വില അല്ലെങ്കിൽ പരമാവധി 20,000/- രൂപ ഏതാണോ

കുറവ് ആ തുക വായ്പയായി അനുവദിക്കുന്നതാണ്. ലാപ്ടോപ്പ് ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്ന് അറിയിച്ചശേഷവും ആയത് വാങ്ങുവാൻ തയ്യാറാകുന്ന ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതുമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കണ്ടൊരു പദ്ധതിയാണ് വിദ്യാശ്രീ പദ്ധതി. ഈ കോവിഡ് കാലത്ത് ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സർക്കാർ കൊണ്ടുവന്നൊരു പദ്ധതിയാണിത്. കെ.എസ്.എഫ്.ഇ., കുടുംബശ്രീ, കെൽട്രോൺ എന്നിവയെല്ലാം അതിലുണ്ടായിരുന്നു. കേരളത്തിന്റെ സ്വന്തം ലാപ്ടോപ്പ് എന്നപേരിൽ ഇന്ത്യ മുഴുവൻ പ്രചരണം കൊടുത്താണ് കൊക്കോണിക്സിനെ അവതരിപ്പിച്ചത്. എന്നാൽ ഇപ്പോൾ അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കുന്നത്, ഈ പദ്ധതിതന്നെ മാറ്റപ്പെട്ടുകഴിഞ്ഞു എന്നാണ്. കുറഞ്ഞ വിലയിൽ കുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നൊരു പദ്ധതിയെ ഇപ്പോൾ അങ്ങ് പറഞ്ഞതുപ്രകാരമാണെങ്കിൽ 20,000 രൂപയുടെ ഒരു വായ്പയാക്കി മാറ്റിയിരിക്കുകയാണ്. അതിന്റെ സങ്കൽപ്പംതന്നെ

തകർത്തുകൊണ്ടുള്ള ഒരു പുനഃക്രമീകരണമാണ് നടത്തിയിരിക്കുന്നത്. ലാപ്ടോപ്പ് വാങ്ങി പഠിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നവർക്ക് വായ്പ കൊടുക്കുകയാണ്. ഈ പറഞ്ഞ നിരക്കിൽ ഉന്നത വിദ്യാഭ്യാസത്തിനൊക്കെ പോകുന്ന കുട്ടികൾക്ക് പര്യാപ്തമായ ലാപ്ടോപ്പ് വാങ്ങാൻ കഴിയുമോ; അതിനാൽ ഈ പദ്ധതിയെ സംബന്ധിച്ച് ഒരു പുനരാലോചന നടത്തുമോ; കൊക്കോണിക്സ് എന്ന കമ്പനിയുടെ എത്ര ലാപ്ടോപ്പുകൾ കൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കെൽട്രോണും വ്യവസായ വകുപ്പും മുൻകയ്യെടുത്ത് തദ്ദേശീയമായ ഒരു ലാപ്ടോപ്പ് വികസിപ്പിക്കാനുള്ള ശ്രമമാണ് കൊക്കോണിക്സ്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് നേരത്തെ ഇതുസംബന്ധിച്ചൊരു ചോദ്യം ചോദിച്ചിരുന്നു. കൊക്കോണിക്സ് ലാപ്ടോപ്പിന്റെ പവർ സ്വിച്ചിന് ചെറിയൊരു പ്രശ്നമുണ്ട്. പവർ സ്വിച്ച് മോശമായത് തിരിച്ച് അവിടെ കൊണ്ടുവരുന്നത് ശരിയാക്കി കൊടുക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരമൊരു സാങ്കേതികവിദ്യ വികസിപ്പിക്കുമ്പോൾ ആദ്യംതന്നെ നമ്മളതിനെ നിരുത്സാഹപ്പെടുത്താൻ പാടില്ല. എന്നാൽ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാനും പാടില്ല.

അതുകൊണ്ടുതന്നെ പവർ സ്വിച്ച് റീപ്ലേസ് ചെയ്യുന്ന സംവിധാനം നടക്കുകയാണ്. കൊക്കോണിക്സിന് അപ്ലൈ ചെയ്ത ആളുകൾ കുറവാണ്. 4845 പേരാണ് അതിന് അപ്ലൈ ചെയ്തിരിക്കുന്നത്. അതിൽ ഏകദേശം 2150 എണ്ണം കൊടുത്തിട്ടുണ്ട്. മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ഇവിടെ നേരത്തെ വിശദമായ ചർച്ച വന്നതാണ്. 62480 പേരാണ് കുടുംബശ്രീ പദ്ധതിവഴി ഇതിനായി അപ്ലൈ ചെയ്തത്. അതനുസരിച്ച് എയ്സർ- 3640, കൊക്കോണിക്സ്- 4845, എച്ച്.പി.- 34365, ലെനോവ-19131 എന്ന നിലയിലാണ് കുടുംബശ്രീയുമായി ബന്ധപ്പെട്ട് ബുക്കിംഗ് വന്നത്. അതിന്റെ അടിസ്ഥാനത്തിൽ നമ്മൾ ഓർഡർ കൊടുക്കുകയും ചെയ്തു. ഓർഡർ കൊടുത്തപ്രകാരം ഇപ്പോൾ സെപ്റ്റംബറോടുകൂടി എച്ച്.പി. 26000 എണ്ണം തരാമെന്ന് പറഞ്ഞു. പലതവണ അവർ മാറ്റിയതാണ്. ഈ വിഷയം കഴിഞ്ഞ നിയമസഭയിൽവന്നിരുന്നു. അന്നുതന്നെ നമ്മൾ യോഗം വിളിച്ചുകൂട്ടി. ഉടനെ തരാമെന്ന് പറഞ്ഞെങ്കിലും വീണ്ടും നീണ്ടുപോകുകയാണ്. ലെനോവ 5019 എണ്ണം ഒക്ടോബർ മാസത്തോടെ തരാമെന്നാണ് പറഞ്ഞത്. അങ്ങനെ നോക്കിയപ്പോൾ ഏറ്റവും അത്യാവശ്യമായി ഡിജിറ്റൽ എഡ്യൂക്കേഷൻ നടക്കേണ്ട സമയത്ത് ഇത്

കിട്ടില്ല എന്ന് മനസ്സിലായി. അവർ പറയുന്ന ന്യായം അവർക്ക് സാധനങ്ങൾ ലഭിക്കുന്നില്ല എന്നാണ്. ചൈനയിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നുമാണ് ഇതിന്റെ സാധനങ്ങൾ വരേണ്ടത്. കോവിഡ് കാരണം ഈ സാധനങ്ങൾ ലഭിക്കുന്നില്ല. അതുകാരണം കുട്ടികൾക്ക് കാലതാമസം വരരുത് എന്നതുകൊണ്ടാണ് പുനഃക്രമീകരിച്ചത്. 20000 രൂപ കൊടുക്കാൻ തീരുമാനിച്ചു. അതിൽ പലിശ സബ്സിഡിപോലെ നേരത്തെ സൂചിപ്പിച്ച കാര്യങ്ങളുണ്ട്. കുട്ടികൾക്ക് എത്രയുംവേഗം അത് ലഭ്യമാക്കുന്നതിനുവേണ്ടിയാണ്. ലാപ്ടോപ്പ്, ടാബ് എന്നിവയിൽ ഏതെങ്കിലുമൊന്ന് കുടുംബശ്രീവഴി വാങ്ങാവുന്നതാണ്. അത് എളുപ്പമാക്കാൻവേണ്ടി ചെയ്തതാണ്. ഇവിടെവന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ, സഭയിൽവന്ന ഒരു വികാരംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത് ചെയ്യാൻ തീരുമാനിച്ചത്. അത് വിദ്യാർത്ഥികൾക്ക് സഹായകരം തന്നെയായിരിക്കും. 20,000 രൂപയ്ക്കകത്ത് ഈ സാധനങ്ങൾ കിട്ടും, അതിൽ കൂടുതലുള്ളതാണെങ്കിലും വാങ്ങിക്കാം. കോൺഫിഗറേഷൻ കൂടുതലുള്ള 24,000, 28,000 രൂപയുടെയൊക്കെ വേണമെങ്കിൽ വാങ്ങാം. ആ പണവും ചിട്ടിയായി

ലഭിക്കും. അതവർക്ക് കുറച്ചുകൂടി നല്ലതായിരിക്കും. ഇവിടെവന്ന ചർച്ചയുടെ അടിസ്ഥാനത്തിൽത്തന്നെയാണ് നമ്മൾ ആ പുനഃക്രമീകരണം നടത്തിയത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കൊക്കോണിക്സ് വാങ്ങിയവർ പെട്ടിരിക്കുകയാണ്. മൂന്നുതവണ മാറ്റി നൽകിയിട്ടും ഇപ്പോഴും കുഴപ്പത്തിലായിരിക്കുകയാണ്. ഒരു മാധ്യമപ്രവർത്തകൻ ഈ ലാപ്ടോപ്പ് കിട്ടിയ കുട്ടിയുടെ അടുത്തുചെന്ന് ചോദിച്ചു. എന്താണ് ഈ ലാപ്ടോപ്പിന്റെ പ്രശ്നം എന്ന്. ഇത് ഹാങ്ങാകുന്നതാണോ എന്നുചോദിച്ചപ്പോൾ കുട്ടി പറഞ്ഞു, 'സാറേ, ഇത് ഹാങ്ങാകുന്നതാണോ എന്നറിയണമെങ്കിൽ ആദ്യം ഇതൊന്ന് ഓൺ ആകണ്ടേ' എന്നാണ്. ഓൺ ആകാത്ത ലാപ്ടോപ്പ് മൂന്നുതവണ മാറ്റിക്കൊടുത്തിട്ടും ശരിയാകുന്നില്ല. അവർ വാങ്ങി കുടുങ്ങിയിരിക്കുകയാണ്. പഠിക്കാൻ കഴിയാത്ത സാഹചര്യമാണ്. ലാപ്ടോപ്പ് പ്രവർത്തിക്കുന്നില്ലെങ്കിലും പിഴപ്പലിശ കൊടുക്കണമെന്ന് പറയുന്ന രൂപത്തിലുള്ള ചില കാര്യങ്ങളും കേൾക്കുന്നുണ്ട്. മൂന്നുതവണ മാറിയിട്ടും ശരിയാകാത്ത കുട്ടികൾക്കെങ്കിലും പ്രവർത്തിക്കുന്ന പുതിയ ലാപ്ടോപ്പ് പകരം നൽകാനുള്ള സംവിധാനം ഗവൺമെന്റ്

സ്വീകരിക്കുമോ; ഒരു പുതിയ സാങ്കേതികവിദ്യ ഇൻട്രൊഡ്യൂസ് ചെയ്ത പ്രശ്നമാണെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതെനിക്ക് മനസ്സിലായിട്ടില്ല. ലാപ്ടോപ്പ് ഒരു പുതിയ സാങ്കേതികവിദ്യയാണോ; കൊക്കോണിക്സ് മൊത്തത്തിൽ തട്ടിപ്പാണ്. ക്രമക്കേടാണ്. അതുംകൂടി അന്വേഷിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കൊക്കോണിക്സിന്റെ കാര്യത്തിൽ 461 ലാപ്ടോപ്പുകൾ റീപ്ലേസ് ചെയ്തിട്ടുണ്ട്. അവർക്ക് ചില പരാതികൾ ബ്രാഞ്ചിൽ വന്നത് റീപ്ലേസ് ചെയ്തിട്ടുണ്ട്. 57 എണ്ണം ഫാൾട്ടിയായി റിപ്പോർട്ട് ചെയ്തത് റീപ്ലേസ് ചെയ്യാനുണ്ട്. പുതിയൊരു സാങ്കേതികവിദ്യ കേരളത്തിൽ ഡെവലപ് ചെയ്യണം എന്നല്ല ഞാൻ പറഞ്ഞത്. സാങ്കേതികവിദ്യ നല്ലതുപോലെ ചെയ്യാൻ പറ്റുന്ന, ഏറ്റവുംകൂടുതൽ ഡിജിറ്റൽ ഉപകരണങ്ങൾ ഇപ്പോൾ വിൽക്കുന്നൊരു സംസ്ഥാനം കേരളമാണ്. അതെന്തുകൊണ്ടാണ്; നമ്മുടെ വിദ്യാഭ്യാസ മേഖലയിലെടുത്ത സമീപനം കാരണമാണത്. ഇത്തരമൊരു സൗകര്യത്തെ നമ്മൾ നാട്ടിൽ വളർത്തിയെടുക്കണം. പോരായ്മകൾ വന്നാൽ അത് പരിശോധിക്കണം. അക്കാര്യം ബന്ധപ്പെട്ട വകുപ്പും ചെയ്യും.

ഇവരുടെ ഉൽപ്പന്നങ്ങൾ വാങ്ങിയത് വർക്ക് ചെയ്യാത്ത സമയത്ത് പിഴപ്പലിശ അടയ്ക്കേണ്ടി വരുമെന്നുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടില്ല. പക്ഷേ അങ്ങനെയൊരു കാര്യമുണ്ടെങ്കിൽ അത് അനുവദിക്കുന്ന പ്രശ്നമില്ല. ആ സമയത്ത് പിഴപ്പലിശയൊന്നും അടയ്ക്കേണ്ട കാര്യമില്ല. അക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കുമൊപ്പം നിൽക്കാൻവേണ്ടിത്തന്നെയാണ് ഇക്കാര്യങ്ങളിൽ നമ്മൾ ഇടപെടുന്നത്. യാതൊരു സംശയവും അതിലില്ല.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി അഞ്ചര ലക്ഷം ലാപ്ടോപ്പുകൾ വിതരണം ചെയ്യുമെന്നും ഇതിലൂടെ ഏകദേശം 50 ലക്ഷം പേർക്ക് പ്രയോജനം കിട്ടുമെന്നുമാണ് അന്ന് പത്രസമ്മേളനത്തിലൂടെ അറിയിച്ചത്. ഇന്ന് ഈ പദ്ധതി ആകെ തകർന്ന് തരിപ്പണമായി നിൽക്കുകയാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽത്തന്നെ വ്യക്തമാണ്. ഇപ്പോൾ 20,000 രൂപ അടച്ച് സാധനം വാങ്ങി ബിൽ കൊണ്ടുവന്നാൽ മാത്രമേ പണം കൊടുക്കാൻ കഴിയുകയുള്ളൂ എന്നാണ് മന്ത്രിയുടെ മറുപടിയിൽനിന്ന് വ്യക്തമാകുന്നത്. ഇതിന് സൗകര്യമില്ലാത്ത പാവപ്പെട്ട, ദാരിദ്ര്യരേഖയ്ക്ക്

താഴെയുള്ള കുടുംബശ്രീ അംഗങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അവർ ഇരുപതിനായിരമോ പതിനായിരമോ ഇരുപത്തിഅയ്യായിരമോ രൂപ മുടക്കി ഈ ലാപ്ടോപ്പുകൾ വാങ്ങി അതിന്റെ ബിൽ കൊണ്ടുവരണമെന്ന് പറയുന്നത് എത്രമാത്രം പ്രായോഗികമാണ് എന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്റെ ചോദ്യം, എത്ര ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമായി കമ്പനിക്ക് തിരികെ എടുക്കേണ്ടിവന്നു; ഇത് എത്ര വിദ്യാർത്ഥികളുടെ പഠനത്തെ ബാധിച്ചു?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വലിയൊരു പദ്ധതിതന്നെയാണ് കേരളത്തിൽ പ്രഖ്യാപിച്ചത്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. ആ പദ്ധതിയുടെ ഭാഗമായി നമ്മൾ കൊടുക്കാമെന്ന് പറഞ്ഞതിന്റെ അത്രയും ആളുകൾ അപ്ലൈ ചെയ്തില്ല. അപ്ലൈ ചെയ്ത ആളുകളുടെ എണ്ണമാണ് ഞാൻ നേരത്തെ പറഞ്ഞത്. അപ്ലൈ ചെയ്തവർക്ക് ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള ഓർഡറും കൊടുത്തു. ഓർഡർ കൊടുത്തുകഴിഞ്ഞപ്പോൾ വീണ്ടും രണ്ടോമൂന്നോ മാസക്കാലം നീണ്ടുപോയാൽ

കുട്ടികൾക്ക് ഇപ്പോഴത്തെ വിദ്യാഭ്യാസ പദ്ധതിയിൽ അത് ബുദ്ധിമുട്ടുണ്ടാക്കും എന്നതുകൊണ്ടാണ് അതിൽ ഇടപെട്ടത്. ഈ പദ്ധതിയാകെ തകർന്നുപോയെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ പറയുകയുണ്ടായി. പദ്ധതി തകർന്നുപോയിട്ടില്ല. ഇപ്പോൾ കുട്ടികളെ ബുദ്ധിമുട്ടിലാക്കാതിരിക്കാനാണ് ഇത്തരത്തിൽ ലാപ്ടോപ്പ് കൊടുക്കാൻ തീരുമാനിച്ചത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡിജിറ്റൽ എഡ്യൂക്കേഷനുവേണ്ടി ഇപ്പോൾ നടത്തുന്ന ഇനീഷ്യേറ്റീവിന്റെ ഭാഗമായി ഈ ആപ്ലിക്കന്റ്സ് കുറയും എന്നുള്ളതിൽ സംശയമില്ല. കാരണം, പണമില്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് അല്ലാതെതന്നെ സംവിധാനങ്ങൾക്കായി ഗവൺമെന്റുതന്നെ മുൻകയ്യെടുക്കുകയാണ്. കേരളത്തിൽ ആയിരക്കണക്കിനല്ല, ലക്ഷക്കണക്കിന് വിതരണം ചെയ്തുകഴിഞ്ഞു. അതുകൊണ്ട് ചിട്ടിയിലേയ്ക്ക്പോയി വാങ്ങേണ്ട സ്ഥിതിയിലേയ്ക്കല്ല പോകുന്നത്.

രണ്ടാമതൊരു കാര്യം, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു ചോദ്യമാണ് ചോദിച്ചത്. പണം മുഴുവനും അടച്ച് ബില്ലെടുത്ത്

കൊണ്ടുവരാനല്ല പറഞ്ഞിരുന്നത്. ബിൽ/ഇൻവോയിസ് എന്നുപറഞ്ഞാൽ എന്താണ് അർത്ഥം? ബിൽ/ഇൻവോയിസ് എന്നുപറഞ്ഞാൽ അതിനെസംബന്ധിച്ച് ഇവിടെനിന്ന് പേമെന്റ് കൊടുക്കത്തവിധത്തിലുള്ള സംവിധാനംകൂടിയല്ലേ; എസ്റ്റിമേറ്റ് അല്ലെങ്കിൽ ഒരു പർച്ചേസ് പ്രൈസിനെ സംബന്ധിച്ചുള്ള ഇൻവോയിസ് കൊടുത്താൽ അതനുസരിച്ച് കൊടുക്കും. ഇത് കുടുംബശ്രീയെകൂടി ബന്ധപ്പെടുത്തിയിട്ടുള്ളതാണ്. ട്രൈ പാർട്ടി എഗ്രിമെന്റുണ്ട്. അങ്ങനെ കൊടുക്കുമെന്നുതന്നെയാണ് തീരുമാനം. ഈ തീരുമാനമനുസരിച്ച് കൊടുക്കും.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞങ്ങൾ ചോദ്യം ചോദിക്കുമ്പോൾ തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ചോദ്യമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഖേദകരമാണ്. സഭയിലാണ് ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നത്, സ്വാഭാവികമായും അതിന് മറുപടി പറയേണ്ടത് മന്ത്രിയാണ്. വിദ്യാശ്രീ പദ്ധതിവഴി വിദ്യാർത്ഥികൾക്ക് നൽകിയ കൊക്കോണിക്സ് ലാപ്ടോപ്പുകൾ പ്രവർത്തനരഹിതമാണെന്ന് മന്ത്രിതന്നെ ഇവിടെ പറഞ്ഞു കഴിഞ്ഞു. അതുസംബന്ധിച്ച വാർത്തകൾ പുറത്ത് വന്നിട്ടുമുണ്ട്. സ്വകാര്യ കമ്പനികൾക്ക് 51 ശതമാനം ഷെയറുള്ള കൊക്കോണിക്സ് കമ്പനിക്ക്

ലാപ്ടോപ്പ് കരാർ നൽകിയതിന്റെ കാരണം വിശദമാക്കാമോ; ഇത്തരം കമ്പനികൾക്കെതിരെ എന്തുനടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കൊക്കോണിക്സിന്റെ കാര്യത്തിൽ ഞാൻ നമ്പർ വായിച്ചു, ആവർത്തിക്കുന്നില്ല. നമ്മുടെ പൊതുമേഖലയും സ്വകാര്യമേഖലയും ചേർന്ന് കേരളത്തിൽ ഈ പ്രോഡക്ട് ഉല്പാദിപ്പിക്കാൻ വേണ്ടിയാണ് കൊക്കോണിക്സ് എന്ന കമ്പനിക്ക് ഓർഡർ നൽകിയത്. നിയമപരമായ എല്ലാ കാര്യങ്ങളും അനുസരിച്ചാണ് ആ ഓർഡർ നൽകിയത്. അത്തരം സംരംഭങ്ങളേ വേണ്ട, കേരളത്തിനകത്ത് ഉൽപ്പാദനം വർദ്ധിപ്പിക്കുന്ന ഒരു സംരംഭവും വേണ്ട എന്ന് പറയുന്നത് ശരിയല്ല. നിയമപരമായിട്ടുതന്നെ ചെയ്യണമെന്നുള്ളതാണ് പ്രധാനം, അതനുസരിച്ചുള്ള പർച്ചേസ് ഓർഡർ ആണ് കൊടുത്തിട്ടുള്ളത്. ഇവിടെ കുട്ടികൾക്ക് വന്ന ബുദ്ധിമുട്ടിന്റെ കാര്യം ഞാൻ പറഞ്ഞു, അവർക്ക് റീപ്ലേസ് ചെയ്തുകൊടുത്തിട്ടുമുണ്ട്. ഇനിയും അത്തരം കാര്യങ്ങൾ ഉണ്ടെങ്കിൽ റീപ്ലേസ് ചെയ്തുകൊടുക്കും. പിഴപ്പലിശ തുടങ്ങിയ കാര്യങ്ങൾ ഉണ്ടാകില്ലെന്നും അക്കാര്യത്തിൽ സർക്കാർ വിദ്യാർത്ഥികൾക്കൊപ്പമാണെന്നും ഞാൻ പറഞ്ഞു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വിദ്യാശ്രീ പദ്ധതിയിലൂടെ ഈ ഗവൺമെന്റ് നൽകിയത് ഇ-വേസ്റ്റാണെന്ന് എനിക്ക് തോന്നിപോകുകയാണ്. ഏറ്റവുമധികം ഇ-വേസ്റ്റുകൾ സമൂഹത്തിലുണ്ടാകുന്നത് എപ്പോഴാണ്? വിലകുറഞ്ഞ ലാപ്ടോപ്പുകൾ 15000-20000 രൂപയ്ക്ക് ലഭിക്കും. നൂതന സാങ്കേതിക വിദ്യയുള്ള ലാപ്ടോപ്പിന് 50000-60000 രൂപ വിലവരും. പാവപ്പെട്ട ആൾക്കാർക്ക് കൊടുക്കുമ്പോൾ വിലകുറഞ്ഞത് കൊടുക്കരുത്, അവർക്ക് അത് ഉപയോഗിക്കാൻ പറ്റുകയില്ല. ഇതെല്ലാം വലിയ ഇ-വേസ്റ്റായി മാറിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ലാപ്ടോപ്പുകൾ നൽകാൻ വേണ്ടി കമ്പനികളെ തെരഞ്ഞെടുത്തത് ടെണ്ടർ നടപടികളിലൂടെയാണോ; മോശപ്പെട്ട ലാപ്ടോപ്പാണ് നൽകിയതെങ്കിൽ നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, എല്ലാപേർക്കും ഏറ്റവും കൂടിയ ലാപ്ടോപ്പും സംവിധാനങ്ങളും കൊടുക്കണമെന്ന ആഗ്രഹം നല്ലതാണ്, അങ്ങനെ എത്തിക്കാൻ വേണ്ടി നമുക്ക് ശ്രമിക്കാം. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവർ നമ്മുടെ നാട്ടിൽ ധാരാളം ടാബുകളും

മൊബൈൽഫോണുകളും കൊടുക്കുന്നുണ്ട്. പുതുതായി വിദ്യാഭ്യാസ വകുപ്പ് ചില കോൺഫിഗറേഷനും സ്പെസിഫിക്കേഷനും പറഞ്ഞതനുസരിച്ചാണ് പർച്ചേസ് ചെയ്ത് കൊടുക്കുന്നത്. നമുക്ക് ആപ്പിളും എച്ച്.പി.-യുടെ ഏറ്റവും ഉയർന്ന മോഡലുമൊക്കെ കൊടുക്കാൻ സാധിക്കുമോ; നമ്മൾ തന്നെ ഏറ്റവും നല്ലതാണോ ഉപയോഗിക്കുന്നത്? കുട്ടികൾക്ക് നന്നായി ഉപയോഗിക്കാൻ പറ്റുന്ന സൗകര്യങ്ങൾ കൊടുക്കുകയെന്നതാണ് പ്രധാനം. പർച്ചേസ് ചെയ്തിട്ടുള്ള കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടുള്ളത് ഗവൺമെന്റിന്റെ നിയമപരമായ പ്രൊസീഡ്യുവർ അനുസരിച്ചാണ്. അല്ലാതെ ഏതെങ്കിലും വ്യക്തികൾക്ക് അവരുടെ താൽപ്പര്യത്തിനനുസരിച്ച് ചെയ്യാൻ പറ്റുകയില്ല. നിയമമനുസരിച്ച് തന്നെയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നമ്മുടെ തനതായ ടെക്നോളജി ഡെവലപ് ചെയ്ത് അതിനെ പ്രോൽസാഹിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇത് കെൽട്രോൺ തന്നെ ഡെവലപ്പ് ചെയ്യുന്നതാണോ അതോ സ്വകാര്യ കമ്പനികൾ അസംബ്ലിൾ ചെയ്ത് കെൽട്രോണിന്റെ ബ്രാൻഡിൽ വിൽക്കുന്നതാണോ; അങ്ങനെയാണെങ്കിൽ അസോസിയേറ്റ് ചെയ്യുന്ന കമ്പനികളെ തെരഞ്ഞെടുക്കുമ്പോൾ അതിന്റെ മെരിറ്റിലുള്ള എല്ലാ

പ്രൊസീഡ്യുവറും പാലിക്കാതെ വല്ല അബദ്ധവും സംഭവിച്ചിട്ടുണ്ടോ? കെൽട്രോൺ തന്നെ ടെക്നോളജി ഡെവലപ്പ് ചെയ്തതാണോ അതോ ആരുമായിട്ടെങ്കിലും അസോസിയേറ്റ് ചെയ്തതാണോയെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അങ്ങേയ്ക്ക് നന്നായി അറിയാവുന്നതല്ലേ കെൽട്രോണിന്റെയും വ്യവസായ വകുപ്പിന്റെയും പ്രവർത്തനം. അങ്ങ് ദീർഘകാലം മന്ത്രിയായിരുന്നതാണല്ലോ; ഈ കാര്യത്തിൽ അസോസിയേറ്റ് ചെയ്തേ ചെയ്യാൻ പറ്റുകയുള്ളൂ. ഇന്നലെ ഒരു വാർത്ത വന്നത് ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്, ടാറ്റാ കമ്പനി ചിപ്പ് മേക്കിംഗിലേയ്ക്ക് പോകുകയാണ്. കാരണം, ഇപ്പോൾ മിക്കവാറും കാറുകളുടെ ഹൃദയം ഡിജിറ്റലാണ്. ചിപ്പുകൾ ആവശ്യത്തിന് ലഭ്യമാകാത്തതുകൊണ്ട് അവരുടെ ഏറ്റവും പ്രധാനപ്പെട്ട യൂറോപ്പിലെ യൂണിറ്റുകളിൽ പോലും പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. അങ്ങനെ ഇത്തരം സാങ്കേതിക വിദ്യ കയ്യിലുള്ളത് അപൂർവ്വം ചില കമ്പനികളിൽ മാത്രമാണ്. ലെനോവ ആയാലും എയിസർ ആയാലും എച്ച്.പി. ആയാലും ഉപയോഗിക്കുന്ന ചിപ്പുകൾ ഉണ്ടാക്കുന്നത് ലോകത്തെ ഒന്നോ രണ്ടോ കമ്പനികളാണ്.

അത്തരം കമ്പനികളിൽ നിന്ന് വാങ്ങിച്ച് തദ്ദേശീയമായ കമ്പനികളും സ്വകാര്യ മേഖലയും പൊതുമേഖലയും ചേർന്ന് അസംബ്ലിൾചെയ്ത് കൊണ്ടുവരുന്ന പദ്ധതിയാണ്. അത് കൂടുതൽ മെച്ചപ്പെടാനും മുന്നോട്ടുപോകാനും വേണ്ടിയാണ് നമ്മൾ ശ്രമിക്കുന്നത്. കെൽട്രോണാണ് ഇന്ത്യയിൽ നല്ല ടെലിവിഷൻ ഉൽപ്പാദിപ്പിച്ചിരുന്നത്. നമുക്ക് പിന്നെ അതേ പേസിൽ മുന്നോട്ട് പോകാൻ സാധിച്ചിട്ടില്ല. അങ്ങനെ മുന്നോട്ട് പോകണമെന്ന ആഗ്രഹത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലെ വ്യവസായ രംഗത്ത് ഇത്തരം ചില സ്കീമുകൾ നടപ്പിലാക്കുന്നത്. അതിന് പോരായ്മയുണ്ടെങ്കിൽ പരിഹരിച്ച് മുന്നോട്ടുപോകാൻ വേണ്ട ശ്രമം നടത്തണം അതിൽ യാതൊരു തർക്കവുമില്ല.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അഞ്ചു ലക്ഷം പേർക്ക് ലാപ്ടോപ്പ് നൽകുമെന്ന് പറഞ്ഞിട്ട് ഇത്രയും പേർക്ക് മാത്രമേ കൊടുക്കാൻ കഴിഞ്ഞുള്ളൂ എന്നതിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അത്ര അപേക്ഷകരേ വന്നിട്ടുള്ളൂവെന്നാണ്. സൗജന്യമായി കൊടുക്കേണ്ടത് ലോൺ ആയി കൊടുക്കുമ്പോൾ അത് തിരിച്ചടയ്ക്കാൻ നിവർത്തിയില്ലാത്തതുകൊണ്ടാണ് അപേക്ഷകർ കുറയുന്നത്. റീപ്ലേസ് ചെയ്തുകൊടുക്കുമെന്ന് പറഞ്ഞു, ഒരിക്കൽ

കൊടുത്ത് റീപ്ലേസ് ചെയ്തു, വീണ്ടും റീപ്ലേസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കമ്പനിക്കെതിരായി എന്ത് നടപടി സ്വീകരിച്ചുവെന്നാണ് ഇവിടെ രണ്ട് അംഗങ്ങൾ ചോദിച്ചത്. അതിന് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായില്ല. എന്റെ ചോദ്യം, ഓണപ്പരീക്ഷയ്ക്ക് സമയമായി, നാളിതുവരെയായി സർക്കാർ ഈ പദ്ധതിപ്രകാരം എത്ര പേർക്ക് സൗജന്യമായി ലാപ്ടോപ്പും സ്മാർട്ട് ഫോണും പോലുള്ള ഡിജിറ്റൽ ഡിവൈസ് വാങ്ങിക്കൊടുത്തതെന്ന് പറയാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഈ പദ്ധതിവഴി സൗജന്യമായി ലാപ്ടോപ്പ് നൽകുന്നില്ല. ഇത് വേറൊരു പദ്ധതിയാണ്. കെ.എസ്.എഫ്.ഇ.-യുമായി ബന്ധപ്പെട്ട് ചിട്ടിയുമായി ബന്ധപ്പെട്ട പദ്ധതിയാണ്. സർക്കാരിന്റെ പദ്ധതി വേറെയാണ് അതുസംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ വരും. വിദ്യാഭ്യാസം, പട്ടികജാതി വികസനം തുടങ്ങിയ വകുപ്പുകൾ ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് കണക്കുകൾ വരും. ഏകദേശം കൊടുക്കേണ്ടതിന്റെ കണക്ക് ഇവിടെ അവതരിപ്പിച്ചു. അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടെ അങ്ങേയ്ക്കറിയാം. ഈ പറഞ്ഞ കണക്കിനപ്പുറം, വ്യാപകമായി ജനങ്ങളുടെ ഭാഗത്തുനിന്നും വിതരണം നടക്കുന്നുണ്ട്. എം.എൽ.എ.-മാരും

ജനപ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മുൻകയ്യെടുത്ത് ലക്ഷക്കണക്കിന് വിതരണം ചെയ്തിട്ടുണ്ട്.

## വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം

3(*453) ശ്രീ. പി. നന്ദകുമാർ:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ആന്റണി ജോൺ

ശ്രീ. എൻ.കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കിൻഫ്ര പൂർത്തിയാക്കിയിട്ടുള്ളതും പുതുതായി നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) കണ്ണൂർ എയർപോർട്ടിന്റെ സൗകര്യം വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടെ മട്ടന്നൂരിൽ വിവിധോദ്ദേശ്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) കർഷകരുടെ താല്പര്യംകൂടി പരിരക്ഷിക്കുന്നതിനായി സംയോജിത റൈസ് പാർക്കുകൾ സ്ഥാപിക്കാൻ കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ,

(എ) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും അതിന്റെ സാധ്യത വിലയിരുത്തി പ്രസ്തുത ഭൂമി വ്യാവസായിക വികസനത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച് പഠിക്കുന്നതിനുംവേണ്ടി ജനറൽ മാനേജർ, ഡി.ഐ.സി. അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിക്കും. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തിനെ സംബന്ധിച്ച് കിൻഫ്ര മാർക്കറ്റ് ഡിമാന്റ് അസ്സെസ്സ്മെന്റ് സംബന്ധിച്ച പഠനം നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ഭരണാനുമതിക്കായി സമർപ്പിക്കും. ഭരണാനുമതി ലഭിച്ചാൽ

ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന നടപടികൾ ആരംഭിക്കും. ഇപ്രകാരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഭൂമിയാണ് സംരംഭകർക്ക് ജില്ലാതല ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം വ്യാവസായികാവശ്യങ്ങൾക്ക് അലോട്ട് ചെയ്യപ്പെടുന്നത്.

(ബി) കിൻഫ്ര നടപ്പിലാക്കിയ പദ്ധതികൾ കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, മഴുവന്നൂർ, എറണാകുളം ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ചെറുകിട വ്യവസായ പാർക്ക്, വയനാട് ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം ഇലക്ട്രോണിക്സിനായുള്ള

പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം ടെക്സ്റ്റൈൽ സെൻറർ, നാടുകാണി, കണ്ണൂർ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം - ഒന്നാം ഘട്ടം കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്. കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം

ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം.

(സി) മട്ടന്നൂരിൽ കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. 127 ഏക്കർ ഭൂമിയിൽ മട്ടന്നൂരിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ്, ജല സംഭരണി, ശുദ്ധജല വിതരണം, ലാന്റ് ഡെവലപ്പ്മെന്റ് വർക്ക്സ് എന്നിവ പുരോഗമിക്കുന്നു.

(ഡി) പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. M/s.Voyants Consultants Pvt. Limited. എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെന്റും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്.

(ഇ) കാർഷികോല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ലക്ഷ്യമാക്കി നെൽ കർഷകരുടെ ഉന്നമനത്തിനും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി താഴെപ്പറയുന്ന സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ. പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക്, റൈസ് ടെക്നോളജി പാർക്ക്, കുട്ടനാട്. ആലപ്പുഴയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 66.05 കോടി രൂപയാണ് പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്ക് പ്രവർത്തന സജ്ജമാക്കുക എന്നതാണ് ലക്ഷ്യം. ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് ടെക്നോളജി പാർക്കിന് 40 കോടി രൂപയാണ് പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടത്തിപ്പിനായി കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആന്റ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്

എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായും ഹൈദരാബാദ് ആസ്ഥാനമായുള്ള ശ്രീകോ പ്രൊജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തെരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, സമാനതകളില്ലാത്ത വ്യവസായ വികസന പദ്ധതിയാണ് കേരളത്തിൽ നടന്നുവരുന്നത്. FMCG (Fast moving Consumer Goods) Cluster Park-കൾ സ്ഥാപിക്കുകവഴി എത്രത്തോളം തൊഴിലവസരം വർദ്ധിക്കും; അതോടൊപ്പംതന്നെ ഓരോ മണ്ഡലത്തിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ; വ്യവസായ സൗഹൃദ അന്തരീക്ഷം അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരം നൽകാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, FMCG പാർക്കിൽ നിർമ്മിക്കുന്നത് Fast moving Consumer Goods ആണ്. ഇതുസംബന്ധിച്ച് FICCI (Federation of Indian Chambers of Commerce and Industry) യുമായി രണ്ടുതവണ ചർച്ച നടത്തിയിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ ഉപയോഗിക്കുന്ന

Fast moving Consumer Goods-വിഭാഗത്തിൽ നമ്മൾ ഉപയോഗിക്കുന്ന ഉപഭോഗസാധനങ്ങളിൽ മഹാഭൂരിപക്ഷവും കേരളത്തിനുപുറത്താണ് ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് നയപ്രകാരം നോർത്ത്-ഈസ്റ്റ് മേഖലയ്ക്ക് പ്രത്യേകമായ Tax Holiday (നികുതി അവധി) നൽകിയിരുന്നത് ഇപ്പോൾ അവസാനിക്കാൻ പോകുകയാണ്. ആസാം, മണിപ്പൂർ, അരുണാചൽപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെയാണ് ഇപ്പോൾ Hindustan Unilever Ltd, P&G India(Procter & Gamble Health Limited) തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളൊക്കെ അവരുടെ ഉല്പന്നങ്ങൾ നിർമ്മിക്കുന്നത്. ട്രാൻസ്പോർട്ടിംഗ് കോസ്റ്റ് കുറയുന്നതിന് കേരളത്തിൽ കൊണ്ടുവന്നാൽ സഹായകരമാകുമെന്ന ആശയം ഗവൺമെന്റ് അവരുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. FICCI-യുടെ ഇന്ത്യൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുമുണ്ട്. ഈ രംഗത്ത് എൺപത് ശതമാനം മാർക്കറ്റും നിയന്ത്രിക്കുന്നത് ഇരുപത് പ്രധാനപ്പെട്ട കമ്പനികളാണ്. അവരുമായുള്ള പ്രാഥമിക ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. പാലക്കാട് അത്തരത്തിൽ 500 ഏക്കർ ഭൂമി ലഭ്യമാക്കാൻ കഴിയുമെങ്കിൽ ഒരു പാർക്ക് ആരംഭിക്കാമെന്ന ചർച്ചയാണ്

നടന്നുകൊണ്ടിരിക്കുന്നത്. അതോടൊപ്പംതന്നെ ഓരോ മണ്ഡലത്തിലും വ്യവസായ പാർക്കുകൾ എന്ന ഒരു ആശയം നേരത്തെ ഇവിടെ അവതരിപ്പിച്ചിരുന്നു. കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി.-യുടെയും പാർക്കുകൾ കൂടാതെ സ്വകാര്യ വ്യവസായ പാർക്കുകൾ കൂടി എന്ന നയം കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. അത്തരം വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് ഇവിടെ പരാമർശിച്ചതുപോലെ പഞ്ചായത്ത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഉദ്ദേശിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിരുന്നു, അദ്ദേഹം മുൻകൈയെടുത്ത് കേരളത്തിലെ മുഴുവൻ പഞ്ചായത്ത്, മുൻസിപ്പൽ, കോർപ്പറേഷൻ സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചുചേർത്തതിൽ അദ്ദേഹവും ഞാനും പങ്കെടുത്തിരുന്നു. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ വ്യവസായങ്ങൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെയൊക്കെ ഭാഗമായി തനത് വരുമാനത്തിൽ വർദ്ധനവുണ്ടാക്കുന്ന പഞ്ചായത്തുകളെയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യവും ആലോചിക്കുന്നുണ്ട്.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, വ്യവസായ സ്ഥാപനങ്ങൾ, വ്യവസായ സംരംഭകർ ഇവരുമായൊക്കെ ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ 'മീറ്റ് ദ പ്രസ്' പരിപാടി കുറേക്കൂടി വിപുലമായി നടത്താനുള്ള സാഹചര്യമുണ്ടാക്കുമോ? വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വളരെ ഗൗരവപ്പെട്ടതാണ്, അതുകൊണ്ടുതന്നെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിഷ്കരിക്കാനാവശ്യമായ സംവിധാനം ഉടനടി നടത്താൻ തയ്യാറുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിൽ അത്തരത്തിൽ പരിപാടി സംഘടിപ്പിച്ചുകഴിഞ്ഞു. അതിന്റെ തുടർച്ചയായി ജില്ലകളിൽത്തന്നെയുള്ള മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥന്മാർ ഫോളോഅപ് പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി എറണാകുളത്ത് വീണ്ടും അത്തരത്തിൽ ഒരു സംവിധാനം നടത്തിയിരുന്നു. ഈ മാസം 24-ാം തീയതി കോഴിക്കോട് അങ്ങനെയൊന്ന് ഉദ്ദേശിക്കുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ അതത് ജില്ലകളിലെ എം.എൽ.എ.-മാരുമായി ചർച്ച നടത്താനും അവരുടെ ശ്രദ്ധയിൽ

എന്തെങ്കിലും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ടെങ്കിൽ അതുചെയ്യാനും ആലോചിക്കുന്നുണ്ട്. കാലഹരണപ്പെട്ട നിയമങ്ങൾ എന്നതുസംബന്ധിച്ച് സഭയുടെ മുമ്പിൽ വളരെ ഗൗരവമായ ഒരു പ്രശ്നം ഉന്നയിക്കാനുണ്ട്. കേരളത്തിൽ വ്യവസായം വരരുതെന്ന് ആഗ്രഹിക്കുന്ന ഒരു ലോബി ശക്തമായി പ്രവർത്തിക്കുന്നുണ്ട്. സഭയിൽ ഈ സമ്മേളനത്തിലെ ഒരു ചർച്ചയിൽ ബഹുമാനപ്പെട്ട അംഗത്തിന്റെതന്നെ 'കാലഹരണപ്പെട്ട നിയമങ്ങൾ പരിശോധിക്കാനുള്ള സംവിധാനം ഒരുക്കുന്നുണ്ടോ' എന്ന ചോദ്യത്തിന് മറുപടിയായി കാലഹരണപ്പെട്ട നിയമങ്ങളിലെ ചട്ടങ്ങളുടെ ഒരുഭാഗം ഞാൻ പരാമർശിച്ചിരുന്നു. അങ്ങനെ പരാമർശിച്ചശേഷം ഇത്തരം ചട്ടങ്ങളും നിയമങ്ങളും പരിശോധിച്ച് മാറ്റം വരുത്തുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്നും പറഞ്ഞു. എന്നാൽ കാലഹരണപ്പെട്ട ചട്ടങ്ങളെക്കുറിച്ച് പറയുന്നതുമാത്രം അടർത്തിയെടുത്ത് സാമൂഹ്യ മാധ്യമങ്ങളിൽ വ്യാപകമായ പ്രചാരവേല വന്നു. 'നിയമസഭയ്ക്കകത്ത് തന്നെ പറയുന്നുണ്ട്, മൺകൂജ വച്ചാലേ ഒരു കമ്പനി പ്രവർത്തിക്കാൻ പറ്റുവെന്നാണ് വ്യവസായ മന്ത്രി പറയുന്നത് എന്നെല്ലാമാണ് പ്രചാരണം. ഇത് യഥാർത്ഥത്തിൽ സഭയുടെ

അവകാശങ്ങൾക്കുനേരെയുള്ള കടന്നാക്രമണവും കേരളത്തിൽ വ്യവസായങ്ങൾ വരരുതെന്ന് ആഗ്രഹിക്കുന്ന ഒരു സംഘത്തിന്റെ ആസൂത്രിത ശ്രമവുമാണ്, ഈ സന്ദർഭത്തിൽ ഞാൻ സഭയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരികയാണ്. അന്ന് നൽകിയ ഉറപ്പിന്റെയടിസ്ഥാനത്തിൽ ഒരു കമ്മിറ്റി നോട്ടിഫൈ ചെയ്തിട്ടുണ്ട്. NUALS-ന്റെ വൈസ് ചാനസലർ ഡോ.കെ. സി. സണ്ണി അദ്ധ്യക്ഷനും മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥനും കേന്ദ്ര സെക്രട്ടറിയുമായി പ്രവർത്തിച്ച ശ്രീ. ടി. നന്ദകുമാർ പ്രത്യേക ക്ഷണിതാവായും നിയമപരിഷ്കരണ കമ്മിഷന്റെ വൈസ് ചെയർമാൻ ശ്രീ. കെ. ശശിധരൻ നായർ അംഗവുമായ ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചുകഴിഞ്ഞു. മൂന്ന് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നമ്മുടെ നാട്ടിൽ തൊഴിലില്ലായ്മ പരിഹരിക്കണമെങ്കിൽ വൻകിട വ്യവസായ സംരംഭങ്ങളോടൊപ്പം ധാരാളം ചെറുകിട സംരംഭങ്ങളും വരേണ്ടതായിട്ടുണ്ട്. ഈ മേഖലയിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഭാവനാപൂർണ്ണമായ ഇടപെടൽ നടത്തുന്നുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. ഇവിടെ

മട്ടന്നൂർ വ്യവസായ പാർക്കിനെക്കുറിച്ച് പറഞ്ഞു. പത്ത്-പന്ത്രണ്ട് വർഷം മുമ്പേ ഭൂമി അക്വിസിഷൻ നടപടികൾ ആരംഭിച്ചതാണെങ്കിലും അവിടേയ്ക്ക് വെള്ളം, വൈദ്യുതി എന്നിവയൊന്നും ഇനിയുമെത്തിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിന്റെ ഭാഗമായി ഒരു നീക്കമാരംഭിച്ചിട്ടുണ്ടെന്ന സന്തോഷവും രേഖപ്പെടുത്തുകയാണ്. മട്ടന്നൂർ വിമാനത്താവളത്തിന്റെ വളരെയടുത്താണ് ഈ ഇൻഡസ്ട്രിയൽ പാർക്ക് എന്നതിനാൽ ഇവിടെ സൂചിപ്പിച്ചതുപോലുള്ള FMCG ക്ലസ്റ്റർ പാർക്കും ഫുഡ് പ്രോസസിംഗ് യൂണിറ്റടക്കമുള്ള വ്യവസായ സംരംഭങ്ങളും മട്ടന്നൂർ പാർക്കിൽ ആരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. കെ.കെ. ശൈലജ ടീച്ചർ ഇതുസംബന്ധിച്ച് പ്രത്യേകമായി ഒരു നിവേദനം നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ എം.എൽ.എ. ഉൾപ്പെടെ ഒരു യോഗം നടത്തുകയുണ്ടായി. ഇവിടെ ഉന്നയിച്ച പ്രശ്നം ശരിയാണ്, പാർക്ക് അതിവേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. നേരത്തെ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്, സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പദ്ധതിയും

തയ്യാറാക്കിയിട്ടുണ്ട്. അവിടെ FMCG യോ ഫുഡ് പ്രോസസിംഗ് യൂണിറ്റോ ആകാം. APEDA (Agricultural and Processed Food Products Export Development Authority)-യുടെ പ്രതിനിധികളുമായി ഒരു ചർച്ച നടത്തിയിരുന്നു. കേന്ദ്രഗവൺമെന്റിന്റെ ചില പദ്ധതികൾകൂടി ബന്ധപ്പെടുത്തിക്കൊണ്ട് അവിടെ ഫുഡ് പ്രോസസിംഗ് ആരംഭിക്കാൻ കഴിയുമോ എന്നെല്ലാം ആലോചിച്ചിട്ടുണ്ട്. സംരംഭകർക്ക് 80:20 എന്ന രീതിയിൽ ഒരു സബ്സിഡി കൊടുക്കുന്നുണ്ട്. ഇതുകൂടാതെ Total buying ആയതിനാൽ അവർതന്നെ പ്രോഡക്റ്റ് വാങ്ങും. ഉത്പാദിപ്പിക്കുന്നത് കേന്ദ്രസംവിധാനംതന്നെ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്ന ഒരു BuyBack പദ്ധതികൂടി അതിന്റെ ഭാഗമായി നടപ്പിലാക്കാൻ കഴിയുമോയെന്ന കാര്യവും ഇന്നലെ ചർച്ച ചെയ്തിട്ടുണ്ട്. സമയബന്ധിതമായി ഇതെല്ലാം നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. ആന്റണി ജോൺ: സർ, കോവിഡ് മഹാമാരിയുടെ കാലത്ത് നമ്മൾ ഫാർമസി ഉത്പന്നങ്ങളുടെ നിർമ്മാണത്തിനും അവ സംബന്ധിച്ച ഗവേഷണത്തിനുമുള്ള സംവിധാനങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; കൂടാതെ ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഉത്പന്നങ്ങളും മറ്റ് മരുന്നുകളും

നമ്മുടെ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികൾക്കൂടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയുണ്ടായി. ഏറ്റവും കൂടുതൽ പണം സ്വന്തമായി ചെലവഴിച്ച് മരുന്ന് വാങ്ങിക്കുന്നവരുടെ കണക്ക് നോക്കിയാൽ ഇന്ത്യയിൽ കേരളത്തിലാണ് കൂടുതലുള്ളത്. ഇന്ത്യയിലെതന്നെ ഏറ്റവും അത്യാധുനിക ആശുപത്രികളും മെഡിക്കൽ ഉപകരണങ്ങളുമുള്ള പ്രദേശവും കേരളംതന്നെയാണ്. മെഡിക്കൽ ഉപഭോഗവസ്തുക്കളുടെ ഏറ്റവും വലിയ വിപണിയും കേരളമാണ്. ഇത്തരം കാര്യങ്ങൾ എങ്ങനെ സാധ്യതയായി ഉപയോഗിക്കാൻ കഴിയുമെന്ന കാര്യത്തിൽ ചർച്ച നടത്തിക്കൊണ്ട് കേരളത്തിലെ പൊതുസംവിധാനത്തിൽ ഉപയോഗിക്കുന്ന മരുന്നും അനുബന്ധമായ മറ്റു ഉപഭോഗവസ്തുക്കളും ഇവിടെത്തന്നെ എത്രമാത്രം ഉത്പാദിപ്പിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ രണ്ട് വകുപ്പുകളുടെയും പ്രധാനപ്പെട്ട സെക്രട്ടറിമാർ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്, പ്രസ്തുത കമ്മിറ്റി പ്രവർത്തനം

ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ചേർത്തലയിലെ ഡ്രഗ്സ് ഫാക്ടറി വളരെ സ്തുത്യർഹമായ രീതിയിൽ ഓങ്കോളജി മരുന്നുൾപ്പെടെയുള്ളവയുടെ ഉത്പാദന മേഖലയിലേയ്ക്ക് കടന്നുകഴിഞ്ഞു. മറ്റെന്തെല്ലാം മരുന്നുകൾ അവിടെ ഉത്പാദിപ്പിക്കാൻ കഴിയുമെന്നും ജനറിക് മെഡിസിനുകളുടെ വ്യാപകമായ ഉത്പാദനത്തിന് കഴിയുമോയെന്നും ഗവൺമെന്റ് പരിശോധിക്കുന്നുണ്ട്. അതോടൊപ്പംതന്നെ ഇന്ത്യയിൽ ഏറ്റവും കൂടുതൽ പല്ലുണ്ടാക്കുന്നത് കേരളത്തിലാണ്. ഏറ്റവുമധികം കൃത്രിമ പല്ലുണ്ടാക്കുന്നത് ബഹുമാനപ്പെട്ട മൂവാറ്റുപുഴ എം.എൽ.എ.-യുടെ മണ്ഡലത്തിലാണ്. രക്തപരിശോധ ചെയ്യുന്നതിനടക്കമുള്ള വസ്തുക്കൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉണ്ടാക്കുന്നത് കുന്നത്തുനാട് മണ്ഡലത്തിലാണ്, സ്വകാര്യമേഖലയിലെ സംരംഭമാണ്. അവരെയെല്ലാം വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ഇവയുടെ നിർമ്മാണത്തിനായി പ്രത്യേക പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെതന്നെ കൊരട്ടിയിലെ കുഷ്ഠരോഗാശുപത്രിയുടെ കൈവശമുള്ള ഭൂമിയുടെ വളരെക്കുറച്ച് ഭാഗം മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യും പഞ്ചായത്തുമെല്ലാം അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത്തരം സാധ്യതകൾകൂടി

ഉപയോഗപ്പെടുത്തിക്കൊണ്ട് മെഡിക്കൽ ഡിവൈസ് പാർക്ക്, ഒരു കൺസ്യൂമബിൾ പാർക്ക്, ഒരു ഫാർമസ്യൂട്ടിക്കൽ പാർക്ക് തുടങ്ങിയവ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾത്തന്നെ അമ്പലമേട്ടിൽ കിൻഫ്രയുടെ കൈവശമുള്ള ഭൂമിയിൽ ഫാർമസ്യൂട്ടിക്കൽ ആന്റ് ഹെൽത്ത് കെയർ പാർക്കിനുള്ള അലോട്ട്മെന്റായി, പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. എൻ. കെ. അക്ബർ: സർ, നിക്ഷേപത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേന്ദ്രീകൃത ഇൻസ്പെക്ഷൻ പോർട്ടൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ഏതുരീതിയിലുള്ള മാറ്റമാണ് വ്യവസായ മേഖലയിലുണ്ടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായ സംരംഭകരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലും ഇതിന് മുമ്പ് നടത്തിയ പരിശോധനകളുടെ ഭാഗമായും കേന്ദ്രീകൃതമായ ഇൻസ്പെക്ഷൻ സംവിധാനം വേണമെന്ന് കാണുകയുണ്ടായി. 2021 ആഗസ്റ്റ് 1 മുതൽ നടപ്പിലാക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ജൂലൈ 30-ാം തീയതി തന്നെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രീകൃതമായ പരിശോധനാസംവിധാനം ഉദ്ഘാടനം ചെയ്തുകഴിഞ്ഞിട്ടുണ്ട്. 5 വകുപ്പുകളുടെ പരിശോധനയാണ് അതിൽ പ്രധാനമായും വന്നിട്ടുള്ളത്. മറ്റ് വകുപ്പുകളുടെ പരിശോധനകൂടി അതിന്റെ ഭാഗമാക്കിമാറ്റാൻ ശ്രമിക്കുകയാണ്. അതോടുകൂടി എല്ലാ സംവിധാനങ്ങളും സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിൽ തീരുമാനിക്കുന്ന രീതി വരും. ഏതെങ്കിലും ആളുകളുടെ വ്യക്തിപരമായ താൽപ്പര്യങ്ങളൊന്നുംതന്നെ അത്തരം പരിശോധനകളിൽ പ്രതിഫലിക്കില്ലെന്ന് ഉറപ്പുവരും. ഒരു സ്ഥാപനത്തിൽ തുടർച്ചയായി അല്ലെങ്കിൽ ആവർത്തന സ്വഭാവത്തിലുള്ള പരിശോധനകൾ ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ പോർട്ടൽ എല്ലാവരെയും പരിചയപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. എല്ലാ വ്യവസായ സംഘടനകളുടെയും പ്രതിനിധികളുമായി പലതവണ ഇതുസംബന്ധിച്ചുള്ള ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ടാണ് ഈ സംവിധാനത്തിന് രൂപം നൽകിയിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, തൃക്കാക്കര നിയോജക മണ്ഡലത്തിലുള്ള കിൻഫ്രയുടെ സ്ഥലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ്

ഗവൺമെന്റിന്റെ മുമ്പിലുള്ളത്; അത് സമയബന്ധിതമായി നടപ്പിലാക്കാൻ എന്തൊക്കെ പുതിയ പദ്ധതികളുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് ഏറ്റവും പ്രധാനപ്പെട്ട കിൻഫ്ര പാർക്കിനെകുറിച്ചാണ്. ഞാൻ നേരത്തെ സഭയിൽ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ ഒന്നുകൂടി ഉറപ്പിച്ച് പറയാൻകഴിയും. TCS (Tata Consultancy Service)-ന്റെ ബോർഡ് അംഗീകരിച്ചിട്ടുള്ള 37 ഏക്കറിന്റെ ഏറ്റവും വലിയ പദ്ധതി അങ്ങയുടെ മണ്ഡലത്തിലാണ് വരാൻ പോകുന്നതെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അതിനോട് ചേർന്ന് മറ്റുസ്ഥലങ്ങളെല്ലാം അലോട്ട് ചെയ്തുകഴിഞ്ഞു. കിൻഫ്രയുടെ ഈ സ്ഥലത്ത് 15 ഏക്കറിൽ പ്രധാനഭാഗമുപയോഗിച്ചുകൊണ്ട് കേരളത്തിലെ MSME-കളുടെ ഉത്പന്നങ്ങളെല്ലാം പ്രദർശിപ്പിക്കാൻ കഴിയുന്ന ട്രേഡ് സെന്റർകൂടി വരുന്ന കാര്യം അറിയിക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പന്ത്രണ്ടുവർഷത്തിലധികമായി ഐ.ടി. പാർക്കുണ്ടാക്കുന്നതിനുവേണ്ടി ശേഖരിച്ചുവച്ചിട്ടുള്ള ഭൂമി പലയിടങ്ങളിലുമുണ്ട്. കണ്ണൂർ ജില്ലയിൽ പയ്യന്നൂർ എരുമത്താണ് ഏക്കർ കണക്കിന് വിസ്തൃതിയുള്ള ഭൂമിയുള്ളത്. കോടിക്കണക്കിന് രൂപ അവിടെ

ഇൻവെസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും അത് ഗുണപരമായി മാറ്റുന്നതിനുള്ള ഒരു നടപടിയും ഇതുവരെ കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. വ്യാവസായികാവശ്യത്തിനുവേണ്ടി ആ ഭൂമി ഏറ്റെടുത്ത് മറ്റ് നടപടികളിലേയ്ക്ക് നീങ്ങുന്നതിന് സംവിധാനമുണ്ടാക്കുമോയെന്നുള്ളതാണ് ചോദ്യം.

ശ്രീ. പി. രാജീവ്: സർ, ഐ.ടി. പാർക്കുമായി ബന്ധപ്പെട്ടുള്ള ആ ഭൂമി ഐ.ടി. വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ വ്യവസായവകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള താൽപ്പര്യം ഐ.ടി. വകുപ്പ് നേരത്തെ അറിയിച്ചിട്ടുള്ളതാണ്. അതിന്റെ കൈമാറ്റൽ പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഇക്കാര്യം വകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നമുറയ്ക്ക് പെട്ടെന്നുതന്നെ വ്യവസായസംരംഭങ്ങൾ അവിടെ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കർഷകരുടെ ആവശ്യം സംരക്ഷിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി പാലക്കാട് കിൻഫ്രയിൽ അയ്യായിരം ടൺ കപ്പാസിറ്റിയുള്ള കോൾഡ് സ്റ്റോറേജ് രണ്ടുവർഷം മുമ്പ് നിർമ്മിച്ച് ഉദ്ഘാടനം കഴിഞ്ഞെങ്കിലും ഇതുവരെ അതിന്റെ

പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആരും വാടകയ്ക്കെടുക്കാനും വന്നിട്ടില്ല. കാരണം എന്താണെന്ന് അന്വേഷിച്ചപ്പോൾ കിൻഫ്ര മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകളൊരിക്കലും സാധാരണക്കാരനായ കർഷകനോ വ്യവസായിക്കോ നിറവേറ്റാൻ കഴിയില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് ആ നിയമങ്ങൾ മാറ്റാൻ സർക്കാരിന് ഉദ്ദേശമുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പരാമർശിച്ചത് സംബന്ധിച്ച കാര്യം പ്രത്യേകമായി പരിശോധിക്കാവുന്നതാണ്. പൊതുവെ കിൻഫ്രയുടെ ഭൂമി അലോട്ട് ചെയ്യാൻ ബാക്കിയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചു. ഈ നാല് ഏജൻസികളായ വ്യവസായ വകുപ്പ്, സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ കീഴിലുള്ള ഭൂമി എത്ര അലോട്ട് ചെയ്തിട്ടുണ്ട്; ലിറ്റിഗേഷൻ എത്ര നിൽക്കുന്നു എന്നിവ സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അവസാനഭാഗം വരികയാണ്. കിൻഫ്രയുടെ ഭൂമി അധികം അലോട്ടുചെയ്യാനില്ലെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഭൂമിയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞ ചില പ്രശ്നങ്ങളുണ്ട്. കാരണം ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നത് LARR Act പ്രകാരമാണ്. LARR Act എന്നുപറഞ്ഞാൽ ഭൂമിവിലയും

**അത്രത്തോളം നഷ്ടപരിഹാരം,** റീഹാബിലിറ്റേഷൻ പാക്കേജ് കൂടാതെ ഇൻഫ്രാസ്ട്രക്ചറും ചേർന്നുള്ളതാണ്. കിൻഫ്രയ്ക്ക് ഭൂമി വിലയുടെ മൂന്നരമടങ്ങധികം സർക്കാർ ഏജൻസികൾ അക്വിസിഷൻ പ്രോസസ്സിന് വേണ്ടി നൽകേണ്ടിവരും. അതുകൂടി അടിസ്ഥാനപ്പെടുത്തിയുള്ള വിലയ്ക്കാണ് കിൻഫ്ര നൽകികൊണ്ടിരിക്കുന്നത്. എന്നാൽ മറ്റ് സൗകര്യങ്ങളെല്ലാം ഒരുക്കുന്നുവെന്നുള്ളതുകൊണ്ടാണ് കിൻഫ്ര ഭൂമി വാങ്ങുന്നതിന് ആളുകൾ തയ്യാറാകുന്നത്. അതുസംബന്ധിച്ച് മറ്റുകാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഗവൺമെന്റ് യൂണിഫൈഡ് ലാന്റ് ലീസ് പോളിസി എന്നുള്ളത് നൂറുദിനപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ കരട് തയ്യാറാക്കി കഴിഞ്ഞു. ഇത്തരം പ്രശ്നങ്ങൾകൂടി അതിനകത്ത് പരിഹരിക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. വി. ജോയി: സർ, സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ കിൻഫ്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്. വ്യത്യസ്തമായിട്ടുള്ള പ്രവർത്തനങ്ങൾ അതുമായി ബന്ധപ്പെട്ട് നടക്കുകയാണ്. എന്റെ മണ്ഡലത്തിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിനുവേണ്ടിയിട്ട് വർക്കല, അയിരൂർ കായൽപ്പുറത്ത് കിൻഫ്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. അതിന്റെ ഇന്നത്തെ സ്ഥിതി

വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ചശേഷം അറിയിക്കാം. ഗ്ലോബൽ ആയുർവേദ പദ്ധതി അവിടെമാത്രമല്ല മറ്റ് ചില സ്ഥലങ്ങളിലും ആരംഭിക്കണമെന്ന ആവശ്യം വന്നുകഴിഞ്ഞിട്ടുണ്ട്. ആ സംരംഭകരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ സ്റ്റാറ്റസിന്റെ അവസാന വിവരം ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുന്നതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേരളത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ധാരാളമുണ്ട്. ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻവേണ്ടിയാണ് അത് മുന്നോട്ടുവച്ചിട്ടുള്ളത്. പലതും സിഡ്കോയുടെ അധീനതയിലാണ്. ഇതിന്റെ തുടരെയുള്ള മെയിന്റനൻസിനുള്ള കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്നുണ്ട്. അതായത്, ഇന്റേണൽ റോഡുകളുടെ മെയിന്റനൻസ്, വൈദ്യുതീകരണം, ജലസേചന സൗകര്യങ്ങളൊരുക്കുന്നത് സംബന്ധിച്ച്, അത്തരത്തിലുള്ള പ്രശ്നങ്ങൾ ഈ സംരംഭകരെ പിന്നോട്ടടിക്കുന്ന നിലയിലേയ്ക്ക് മാറും. ഇത്തരത്തിലുള്ള സിഡ്കോയുടെ വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; അത്

പരിഹരിക്കാൻ എന്തുനടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ചതിന്റെ കുറച്ചുഭാഗം ശരിയാണ്. സിഡ്കോ എസ്റ്റേറ്റുകൾ, വ്യവസായകേന്ദ്രത്തിന്റെ എസ്റ്റേറ്റുകൾ, അവയുടെ ആഭ്യന്തര പശ്ചാത്തല സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ചില പരാതികൾ വരികയുണ്ടായി. ഇത് വകുപ്പ് പ്രത്യേകമായി പരിശോധിച്ചിരുന്നു. അത്തരം പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാനും വ്യവസായകേന്ദ്രത്തിന്റെയും സിഡ്കോയുടെയും കീഴിലുള്ള രണ്ട് എസ്റ്റേറ്റുകൾ പഴയകാലത്തുള്ള സംവിധാനങ്ങളാണ്. അത് കാലാനുസൃതമായി ആധുനികവത്ക്കരിക്കുന്നതിന് ആവശ്യമായ തീരുമാനവും എടുത്തുകഴിഞ്ഞു.

ശ്രീ. ജോബ് മൈക്കിൾ: സർ, കോട്ടയം ജില്ലയിൽ മന്ത്രി വന്ന് നടത്തിയ യോഗം വലിയ വിജയമായിരുന്നു. ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, സ്വകാര്യ വ്യവസായ പാർക്കിനായി മിനിമം ഇരുപത് ഏക്കർ വേണമെന്ന് നിബന്ധനയുണ്ട്. അത് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, സ്വകാര്യ വ്യവസായപാർക്കുകളെ സംബന്ധിച്ച് നഗരങ്ങളിൽ പതിനഞ്ച് ഏക്കറും ഗ്രാമങ്ങളിൽ ഇരുപത്തിയഞ്ച് ഏക്കറുമെന്ന രണ്ടുതരത്തിലുള്ള നിബന്ധനയാണ് നിലവിലുള്ളത്. എന്നാൽ ഇതുസംബന്ധിച്ച് പല നിവേദനങ്ങളും സർക്കാരിന് ലഭിക്കുകയുണ്ടായി. ഇപ്പോഴത്തെ നിയമമനുസരിച്ച് പതിനഞ്ച് ഏക്കറിന് മുകളിലേയ്ക്ക് പോകുന്നതിൽ ചില പരിമിതികളുണ്ട്. എന്നാൽ മിനിമം പതിനഞ്ചാക്കി ബാക്കിയുള്ളതെല്ലാം എക്സ്റ്റൻഷൻ എന്ന രൂപത്തിൽ വേണമെന്നുള്ള അഭ്യർത്ഥന ലഭിച്ചിട്ടുണ്ട്. അത് പരിശോധിച്ചുവരികയാണ്. അധികം വൈകാതെ സ്വകാര്യ വ്യവസായ പാർക്കുകളെ സംബന്ധിച്ച് വിശദമായ സമീപനം പ്രഖ്യാപിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായ മേഖലകളിലൊന്നാണ് ടെക്സ്റ്റൈൽ മേഖല. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള വിവിധ മില്ലുകൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കടുത്തുരുത്തി അസംബ്ലി മണ്ഡലമുൾപ്പെടെ വരുന്ന കോട്ടയം ടെക്സ്റ്റൈൽസ് ഇന്ന് അടച്ചുപൂട്ടിയിരിക്കുകയാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി പ്രതിനിധാനം ചെയ്യുന്ന ഏറ്റുമാനൂർ മണ്ഡലവും

കടുത്തുരുത്തി മണ്ഡലവും കോട്ടയം ജില്ലയ്ക്ക് മൊത്തത്തിൽ വലിയ ഗുണം കിട്ടുന്ന സംരംഭമെന്നനിലയിൽ കോട്ടയം ടെക്സ്റ്റൈൽസ് തുറന്നുപ്രവർത്തിപ്പിക്കാനും നവീകരണത്തിനുംവേണ്ടി നടപടി സ്വീകരിക്കുമോ; അങ്ങ് പുതുതായി ലക്ഷ്യം വയ്ക്കുന്ന പാർക്കുകൾക്കായി 23 ഏക്കർ സ്ഥലമുള്ളതിൽ ഈ പദ്ധതികൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കോട്ടയം ടെക്സ്റ്റൈൽസ് ഒരു പ്രത്യേക പ്രശ്നത്തിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കാൻ കഴിയാതെ വന്നത്. അവിടെ മൂന്ന് ഷിഫ്റ്റെന്നുള്ളതിൽ എല്ലാവരും യോജിച്ചു. അതിന്റെ ഭാഗമായി പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ നഷ്ടമില്ലാതെ പോകാൻ കഴിയൂവെന്ന സാധ്യതയാണ് ഉണ്ടായിരുന്നത്. എന്നാൽ ചില തൊഴിലാളികൾ മൂന്ന് ഷിഫ്റ്റിലേയ്ക്ക് പോകാൻ കഴിയില്ലെന്ന പേരിൽ കോടതിയിൽ കേസ് കൊടുത്തു. അതിന്റെ ഭാഗമായി കേസ് നിലനിൽക്കുന്നതുകൊണ്ടും കോടതിയുടെ സ്റ്റേ ഉള്ളതുകൊണ്ടുമാണ് മുന്നോട്ടുപോകാൻ കഴിയാതെ വരുന്നത്. എങ്കിലും എം.എൽ.എ.മാരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് അത് പരിഹരിക്കാനായി വീണ്ടും ശ്രമിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കിൻഫ്ര പാർക്കുകളിൽ വെള്ളം, വൈദ്യുതി ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. പത്തനാപുരത്ത് കിൻഫ്രാ പാർക്കിന്റെ പണി പൂർത്തിയാക്കിയിട്ട് ആറേഴ് വർഷം കഴിഞ്ഞു. ഉദ്ഘാടനവും കഴിഞ്ഞു. ശ്രീ. എളമരം കരീം മന്ത്രിയായിരിക്കുമ്പോഴാണ് അതിന്റെ നിർമ്മാണം ആരംഭിച്ചത്. അത് പൂർത്തിയായതിനുശേഷം ഇന്നുവരെ ഒരു വ്യവസായവും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കാരണം പല വ്യവസായികളെയും ഞാൻ സമീപിച്ച് അവരെ കിൻഫ്രയിലേക്ക് അയയ്ക്കുകയും ചെയ്യുമ്പോൾ അവിടത്തെ ഉദ്യോഗസ്ഥന്മാർ നിരുത്സാഹപ്പെടുത്തുന്നുണ്ട്. വലിയ വാടകയാണ്, ഉദ്ഘാടനച്ചെലവുവരെ കണക്കുകൂട്ടിയാണ് വാടകയിടുന്നത്. വ്യവസായികൾക്ക് വാടക സഹിക്കാൻ കഴിയുന്നില്ല. പലരെയും എം.ഡി.-യുടെ അടുത്തേയ്ക്ക് അയയ്ക്കും. അദ്ദേഹം വളരെ സ്നേഹത്തോടെ സമീപിക്കുകയും അവർക്ക് കൊടുക്കാമെന്ന് സമ്മതിക്കുകയും ചെയ്യും. മന്ത്രി ഇടപെട്ട് റേറ്റ് റിവിഷൻ നടത്തി വ്യവസായികൾക്ക് വരാനുള്ള സന്ദർഭമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് പറഞ്ഞതുപോലെ കാര്യങ്ങൾ ലാന്റ് ലീസ് പോളിസി പരിശോധിക്കുന്നതാണ്. വാർഷികലീസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ പറ്റുമോ എന്ന കാര്യവും ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)